
# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




## ഏപ്രിൽ 2024

എന്റെ കർത്താവേ എന്റെ ദൈവമേ



ഏപ്രിൽ 19-ാം തീയതി ജന്മദിനവും
ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുന്നാളും
ആഘോഷിക്കുന്ന
**മേജർ ആർച്ച് ബിഷപ്പ് എമരിറ്റസ്**
**അഭിവന്ദ്യ മാർ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവിന്**
കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുന്നാൾ
ആഘോഷിക്കുന്ന തക്കല രൂപത മെത്രാൻ
**അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവിന്**
കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 4** **ഏപ്രിൽ 2024**

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 4 ഏപ്രിൽ 2024


| | | |
|---|---|---|
| സംയുക്ത സർക്കുലർ | - | 3 |
| സർക്കുലർ – മെയ്ദിന സന്ദേശം 2024 | - | 10 |
| കച്ചേരിക്കാര്യം | - | 17 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 19 |
| അജപാലനോത്തേജനവിഭാഗം | - | 20 |
| റെയിൻബോ – 2021 | - | 25 |
| വിശ്വാസജീവിതപരിശീലനരംഗം | - | 26 |
| ചെറുപുഷ്പ മിഷൻലീഗ് | - | 33 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 36 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 37 |
| കുടുംബപ്രേഷിതത്വം | - | 42 |
| പിതൃവേദി | - | 45 |
| മാതൃവേദി | - | 47 |
| മേരി മാതാ മൈനർ സെമിനാരി | - | 49 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 51 |
| നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി | - | 52 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 53 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 55 |
| സന്യസ്തർ | - | 58 |
| കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് | - | 67 |
| കെ.സി.എസ്.എൽ. | - | 68 |
| കത്തോലിക്കാ കോൺഗ്രസ് | - | 69 |
| തേനി മിഷൻ വാർത്തകൾ | - | 75 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 76 |
| ഡി.സി.എം.എസ്. | - | 79 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 80 |
| ലീജിയൻ ഓഫ് മേരി | - | 82 |
| വിൻസെൻഷ്യൻ വേദി | - | 83 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 86 |
| വിമല പബ്ലിക്കേഷൻസ് | - | 87 |
| Special Care Homes & Charitable institution | - | 89 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 91 |
| ഇൻഫാം | - | 92 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 93 |
| രൂപതാവാർത്തകൾ | - | 100 |
| Bishop's Engagements | - | 103 |

# സംയുക്ത സർക്കുലർ
## സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ
## മത്സരപ്പരീക്ഷാവിജയത്തിന് ഉറപ്പുള്ള പാത

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഏത് രാഷ്ട്രത്തിന്റെയും ബലിഷ്ഠമായ അടിത്തറ ഉചിതവിദ്യാഭ്യാസത്തിലൂടെ സ്വഭാവസംസ്കരണവും പൂർണവ്യക്തിത്വവികാസവും കാലോചിതമായ അറിവുകളും ലോകബോധവും ആർജിച്ച സമൂഹമാണ്. ഈ ബോധ്യത്തോടെ ആത്മീയ-ഭൗതികവിജ്ഞാനങ്ങളെ സമഞ്ജസമായി കൂട്ടിയിണക്കി രാജ്യസ്നേഹവും മതസൗഹാർദവും ആദർശാത്മകമൂല്യങ്ങളും ഊട്ടിയുറപ്പിക്കുന്ന ബോധനരീതിയിലൂടെ ഭാരതത്തിലെ സർവജനങ്ങളുടെയും അഭിവൃദ്ധിക്ക് ഉപയുക്തമായ വിദ്യാഭ്യാസമാണ് സഭ നൽകിവരുന്നത്. തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലത്ത് മനുഷ്യനെ മനുഷ്യനായി കണ്ട് പിന്നാക്കം നിന്നിരുന്ന-അവഗണിക്കപ്പെട്ടിരുന്ന-വിഭാഗങ്ങൾക്കും വിദ്യാലയപ്രവേശനം നൽകി വിദ്യയെ സാർവത്രികമാക്കുവാനും സാമൂഹികപുരോഗതിക്ക് കുതിപ്പേകുവാനും മുന്നിട്ടിറങ്ങിയ ചരിത്രമാണ് ക്രൈസ്തവസമൂഹത്തിനും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുമുള്ളത്. പ്രാദേശികനാട്ടുപാരമ്പര്യങ്ങളും പടിഞ്ഞാറുനിന്ന് മിഷണറിമാരിലൂടെ കടന്നുവന്ന പുത്തൻ വൈജ്ഞാനികലോകവും തമ്മിലുള്ള അഭിമുഖീകരണത്തിലൂടെയാണ് നമ്മുടെ പൂർവികർ ഭാരതത്തിലുടനീളം അറിവിന്റെ വാതായനങ്ങൾ തുറന്നത്. ആതുരസേവനം, കൃഷി തുടങ്ങിയ രംഗങ്ങളിലും ഏവരുടെയും പ്രശംസ നേടത്തക്ക മുന്നേറ്റം ക്രൈസ്തവരിൽനിന്നുണ്ടായി. സഭാനേതൃത്വവും അല്മായസമൂഹവും കാലാകാലങ്ങളിൽ നടത്തിയ കൂട്ടായപരിശ്രമങ്ങളാണ് വലിയൊരളവോളം സാമൂഹിക-സാംസ്കാരിക- സാമ്പത്തികരംഗങ്ങളിലെ കുതിപ്പിന്

ഊടുംപാവുമിട്ടത്. എന്നാലിന്ന് സങ്കുചിതവും വിഭാഗീയവും ഗൂഢവുമായ ചില നീക്കങ്ങൾ നമ്മുടെ രാഷ്ട്രീയ-മതാത്മക-വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ പരിപാവനതയ്ക്ക് കളങ്കം ചാർത്തുന്നുണ്ടോയെന്ന് നാം സംശയിക്കണം. കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസനയങ്ങളിലും പാഠ്യപദ്ധതിയിലും ചില രാഷ്ട്രീയ-മത സ്വാധീനങ്ങൾ കടന്നുകൂടുന്ന വർത്തമാനകാല യാഥാർത്ഥ്യങ്ങൾ നമ്മെ അമ്പരപ്പിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിനുപുറമെ ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസരംഗത്തും കേരളത്തിനകത്തും പുറത്തും ക്രൈസ്തവസ്ഥാപനങ്ങൾ എന്നും മികവിന്റെ കേന്ദ്രങ്ങളാണ്. ശാസ്ത്ര സാങ്കേതികമേഖലകളിലെ വൻകുതിപ്പും ഉദാരീകരണവും ആഗോളീകരണവും യുവജനങ്ങൾക്ക് മുമ്പിൽ തുറന്നിട്ട പുത്തൻ തൊഴിൽസാധ്യതകൾ തിരിച്ചറിഞ്ഞ് എൻജിനീയറിങ്, മെഡിക്കൽ വിദ്യാഭ്യാസരംഗങ്ങളിൽ നാം ചെലുത്തിയ ശ്രദ്ധ കാലോചിതം തന്നെയായിരുന്നു. എന്നാൽ യുവതലമുറ ആർജിച്ച സാങ്കേതികവും വൈജ്ഞാനികവും ബൗദ്ധികവും ധിഷണാപരവുമായ മികവ് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹികവളർച്ചയ്ക്കും വിനിയോഗിക്കാനുള്ള പ്രതിബദ്ധത വേണ്ടത്ര ഇല്ലാതെപോയിയെന്നത് സങ്കടകരംതന്നെ. വിദ്യാസമ്പന്നമായ യൗവനം തൊഴിൽതേടി വലിയതോതിൽ വിദേശത്തേയ്ക്ക് ഒഴുകിത്തുടങ്ങിയതിനുപിന്നാലെ വലിയ മുതൽമുടക്കി വിദ്യാഭ്യാസത്തിനായി നാടു വിട്ടുപോകുന്ന പ്രവണതയും ശക്തമായിത്തുടങ്ങി. അനഭിലഷണീയവും ദൂരവ്യാപക ദോഷഫലങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ രീതി ക്രൈസ്തവസമൂഹത്തെയാണ് ഏറെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. പൊതുപ്രവർത്തനരംഗത്തും സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യ തൊഴിൽ രംഗങ്ങളിലും ക്രൈസ്തവ സാന്നിദ്ധ്യം നാൾക്കുനാൾ കുറഞ്ഞുവരുന്നു. നമ്മുടെ കുട്ടികൾ എന്താവണമെന്ന് ആലോചിക്കുന്ന

തോടൊപ്പം എങ്ങനെ ആ നിലയിലെത്താം എന്നുകൂടി അറിയണം. സാക്ഷരതയിലും പഠനനിലവാരത്തിലും പിന്നാക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ പോലും ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്. എസ്. പോലുള്ള സിവിൽസർവീസ് പരീക്ഷകളിൽ കേരളത്തേക്കാൾ മുന്നിലെത്തുന്നത് സ്കൂൾതലം മുതൽ മത്സരപ്പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നതുകൊണ്ടാണെന്ന് നാം മറക്കരുത്. നമ്മുടെ രാജ്യത്തുള്ള ഉന്നതപഠനസൗകര്യങ്ങളും മികച്ച വിദ്യാഭ്യാസ-തൊഴിൽ സാധ്യതകളും യുവതലമുറയെ പരിചയപ്പെടുത്തുന്നതിനാവശ്യമായ കരിയർ ഗൈഡൻസിനും മത്സരപ്പരീക്ഷാപരിശീലനത്തിനുമാണ് ഇന്ന് പ്രഥമപരിഗണനയുണ്ടാവേണ്ടത്. നല്ല സ്കോളർഷിപ്പോടെ ഉന്നതവിദ്യാഭ്യാസം നേടാൻ രാജ്യത്തെ മുന്തിയ സർവകലാശാലകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള അവസരങ്ങളും തൊഴിൽസാധ്യതകളും  പുതുതലമുറ അറിയാതെപോകരുത്. ഇതിന് സഹായകമായ പൊതു ബോധം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും സൃഷ്ടിക്കുവാൻ അദ്ധ്യാപകർക്കും വിദ്യാഭ്യാസപ്രവർത്തകർക്കും ഉത്തരവാദിത്വമുണ്ട്.

ഒരുകാലത്ത് തീർത്തും ശുഷ്കമായിരുന്ന സിവിൽ സർവീസ് രംഗത്തെ കേരളത്തിന്റെ പ്രാതിനിധ്യം കണ്ടറിഞ്ഞ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 5-ാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് ലക്ഷ്യോന്മുഖമായ പഠനത്തിനും വിവിധ മത്സരപ്പരീക്ഷാ പരിശീലനത്തിനുമുള്ള കോഴ്സുകൾ നൽകിവരുന്നു. കഴിഞ്ഞ 26 വർഷത്തെ മികച്ചപ്രവർത്തനത്തിലൂടെ 350 പേരെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ സിവിൽ സർവീസുകളിലും മറ്റനേകരെ ഇതര തൊഴിൽ മേഖലകളിലുമെത്തിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ വർഷം

സിവിൽ സർവീസ് ഫുൾടൈം പരിശീലനത്തിനുചേരുന്ന വിദ്യാർത്ഥികൾക്ക് 50 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകുന്ന വിവരം അറിയിക്കുവാൻ സന്തോഷമുണ്ട്. മെയ് 5-ാം തീയതി ഓൺലൈനായും 13-ാം തീയതി ഓഫ്ലൈനായും നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിൽ 25 പേർക്ക് സൗജന്യമായും 50 പേർക്ക് ഭാഗിക ഫീസാനുകൂല്യത്തോടെയും പരിശീലനം നേടാൻ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന അവസരം നമ്മുടെ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണം. മറ്റു കോഴ്സുകളിലും അർഹരായവർക്ക് ഫീസ് ഇളവും സ്കോളർഷിപ്പുകളും നൽകുന്നുണ്ട്.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവീസുകളിലേയ്ക്ക് 2025 ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിങ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ടപരീക്ഷകൾക്കുമുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിപഠനകാലത്തുതന്നെ ഐ.എ.എസ്. പരീക്ഷയ്ക്കൊരുക്കുന്ന ആഡ് ഓൺ കോഴ്സും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, കേരള പി.എസ്.സി. എന്നിവയ്ക്കുള്ള പരിശീലനവും കുറ്റമറ്റരീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സ്, ഒൻപത്, പത്ത് ക്ലാസുകാർക്ക് 'ബ്യൂട്ടിഫുൾ മൈന്റ്സ്' കോഴ്സ്, 5 മുതൽ 8 വരെ പഠിക്കുന്നവർക്ക് ഈ ജൂൺമാസത്തിൽ ആരംഭിക്കുന്ന 'ബ്ലൂമിങ് മൈന്റ്സ്' ഓൺലൈൻ കോഴ്സ്, സ്കൂൾകുട്ടികൾക്കുള്ള സമഗ്രവ്യക്തിത്വവികസനക്യാമ്പ് എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. 8 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്ക് പങ്കെടുക്കാവുന്ന റെസിഡെൻഷ്യൽ ക്യാമ്പ് ഈ വർഷം

ഏപ്രിൽ 11 ന് തുടങ്ങി 14 ന് അവസാനിക്കും. ഇന്ത്യയിലെ അമ്പതോളം മികച്ച യൂണിവേഴ്സിറ്റികളിൽ പ്രവേശനത്തിനുള്ള സി.യു. ഇ.റ്റി. എന്ന മത്സരപ്പരീക്ഷയ്ക്കുള്ള പരിശീലനവും ഈ വർഷം ആരംഭിക്കും. പുതുതലമുറയെ മികവിലേയ്ക്ക് നയിക്കുന്ന ഇത്തരം പ്രോഗ്രാമുകളിൽ കഴിയുന്നത്ര കുട്ടികൾ പങ്കാളികളാവണമെന്ന് താല്പര്യപ്പെടുന്നു.

വിദ്യാഭ്യാസത്തിലെ പരമ്പരാഗത രീതിശാസ്ത്രങ്ങൾ പൊളിച്ചെഴുതി എഴുത്തുപ്രതലംതന്നെ സ്ക്രീനായി മാറുകയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും നിർമിതബുദ്ധിയുടെയും ലോകം പഠിതാക്കൾക്കുമുമ്പിൽ തുറക്കപ്പെടുകയും ചെയ്യുന്ന വർത്തമാന കാല യാഥാർത്ഥ്യത്തെയാണ് ഇന്ന് നാം അഭിമുഖീകരിക്കുന്നത്. വൈജ്ഞാനികസാങ്കേതികമേഖലകളുടെ ഉൾത്തളങ്ങളിൽ നടക്കുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടുള്ള പഠനമുറകളാണ് ഇന്നിന്റെയാവശ്യം. പത്രവും പുസ്തകവും കാഴ്ചവസ്തുക്കളാവുകയും ഇലക്ട്രോണിക് മാധ്യമങ്ങൾ ദൃശ്യബിംബങ്ങളുടെ അകമ്പടിയോടെ വായനയുടെയും പഠനത്തിന്റെയും വിശാലവഴികളിലേയ്ക്ക് കടന്നുവരുകയും ചെയ്യുന്നതിനനുരൂപമായ പഠനപ്രക്രിയയെക്കുറിച്ചാണ് നാം ഇനി ചിന്തിക്കേണ്ടത്.

ഇന്നിന്റെ സാമൂഹികസാംസ്കാരിക പരിണാമവും പുതിയ അഭിരുചികളും ആവശ്യങ്ങളും സാധ്യതകളും അറിവിടങ്ങളും ഇതിന്റെയെല്ലാം സദ്ഫലങ്ങളായ പുതിയ തൊഴിൽസാധ്യതകളുമാണ് വിദ്യാഭ്യാസത്തിന്റെ കണ്ണികളായി ഇന്ന് കൂട്ടിച്ചേർക്കപ്പെടേണ്ടത്. പുതിയ കാലത്തിന്റെ വിസ്മയത്തിലേയ്ക്ക് വഴിതെറ്റാതെ സഞ്ചരിക്കാനുള്ള ദിശാബോധവും പ്രചോദനവും പഠനതല്പരതയും വിദ്യാർത്ഥികൾക്ക് നൽകുന്ന ബോധനരീതിയാണ് 'ബ്ലൂമിങ് മൈന്റ്സ്' എന്ന പേരിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് വികസി

പ്പിച്ചെടുത്തിരിക്കുന്ന ഓൺലൈൻ കോഴ്സ്. കെട്ടുറപ്പോടെ അടിസ്ഥാനമിട്ട് പണിതുയർത്തുന്ന വിദ്യാഭ്യാസ അടിത്തറയിലൂടെ പുതിയതലമുറയെ വിജയത്തിലേയ്ക്ക് കൈപിടിച്ചുയർത്താൻ ലക്ഷ്യമിടുന്നതാണ് ഈ സംരംഭം. 5 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രവ്യക്തിത്വവികാസവും പഠനമികവും ഉറപ്പുവരുത്തുന്നതോടൊപ്പം ഉപരിപഠനസാധ്യതയും തൊഴിൽമേഖലകളും പരിചയപ്പെടുത്തുന്ന സെഷനുകളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പാഠ്യപദ്ധതികൾ ക്രോഡീകരിച്ച് അതാത് ക്ലാസ്സിലെ സിലബസുമായി ബന്ധപ്പെട്ട 75 സെഷനുകളും ജീവിത വിജയത്തിനുതകുന്ന 30 സെഷനുകളുമാണുള്ളത്. 20 മിനിറ്റ് ദൈർഘ്യമുള്ള ക്ലാസ്സുകൾ തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ രാത്രി 7.30 ന് ലഭ്യമാക്കും. ഒരു വർഷത്തേയ്ക്ക് 2900 രൂപാ മാത്രമാണ് ഫീസ്. ഈ കോഴ്സ് നമ്മുടെ കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുവാൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവ്വസജ്ജമായ ലൈബ്രറിയും പഠനക്യുബിക്കിളുകളും സിവിൽ സർവീസ് പരീക്ഷയിൽ നിരന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. ഭരണഘടന, നിയമവ്യവസ്ഥ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന തൊഴിൽസാധ്യതകൾ ഇവയെല്ലാം നമ്മുടെ കുട്ടികൾ മനസ്സിലാക്കി വളരണം. ഇക്കാര്യത്തിലുള്ള നിതാന്തമായ ഉണർവാണ് ഇന്നിന്റെയും നാളെയുടെയും ആവശ്യം. അനേകരെ ജീവസന്ധാരണത്തിന് പ്രാപ്തരാക്കുകയും രാഷ്ട്രനിർമിതിയിൽ പങ്കാളികളാക്കുകയും ചെയ്ത പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 26 വർഷമായി നിർവഹിക്കുന്ന നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം.

പുതുതലമുറയെ ഔന്നത്യത്തിലേയ്ക്കുനയിക്കുക എന്ന ഉദാത്തമായ ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമപരിപാടികളോടും നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. മാതാപിതാക്കളുടെ ജാഗ്രതയും കുഞ്ഞുങ്ങളുടെയും യുവതീയുവാക്കളുടെയും തല്പരതയും ഇക്കാര്യത്തിലുണ്ടാവണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട്

മ്ശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

വിളിക്കേണ്ട ഫോൺ നമ്പർ:9539381100, 9539371100, 04822 215831
Email:civilpala@yahoo.com
Website: www.civilservicepala.com

25.03.2024
മംഗളവാർത്തത്തിരുനാൾ

NB:- 2024 ഏപ്രിൽ 21 ഞായറാഴ്ച പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.: 4010/K-5/KCBC/OL/DS

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2024

**"തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല"**

**(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)**

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മാർക്ക് 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം-സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള

ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞുനിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷപ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. “പൊതുനന്മയ്ക്കു വേണ്ടിയും, മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാകണം” (1, 4, g, സിനർജി ഡോക്കുമെന്റ് 28-10-2023)

“എല്ലാവർക്കും സാമൂഹികനീതിയും അന്തസ്സുള്ള തൊഴിലും” എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ ‘അന്തസ്സുള്ള തൊഴിൽ’ എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്ര തൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും,

സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ. എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിതതൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് ഏറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റ തൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശ സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാ പദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സൈഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ

5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തു ന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായി ക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽ എം ന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന- കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വ ത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക- അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ

നൽകാനായി കെ സി ബി സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം.നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ. എൽ.എം. ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്- സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണംചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ എൽ എം ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ

സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി.,
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# കച്ചേരിക്കാര്യം

**1. വൈദികദിനം : 2024 ഏപ്രിൽ 2 ചൊവ്വ**

2024 ഏപ്രിൽ മാസം 2-ാം തീയതി ചൊവ്വാഴ്ച കൂവപ്പള്ളി അമൽജ്യോതി കോളേജിൽ വച്ചാണ് വൈദികദിനാഘോഷം. രാവിലെ 10.30 ന് പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിക്കുന്ന വൈദികദിനാചരണത്തിൽ എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**2. ഇടക്കാല ശുശ്രൂഷകർ (Regents)**

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇടക്കാല ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ബ്രദർ ചക്കാലയ്ക്കൽ എബ്രാഹം ജോസഫ് (അപ്പു) (ഫാമിലി അപ്പോസ്റ്റലേറ്റ്, ലിറ്റർജി), ബ്രദർ ചീരംകുന്നേൽ തോമസ് (റ്റോംസ്) (പി.എ.സി. അണക്കര), ബ്രദർ ഏറത്തുകുന്നേൽ തോമസ് (റ്റോബിൻ) (എസ്.എം.വൈ.എം., കെ.സി.എസ്.എൽ, അമല കമ്മ്യൂണിക്കേഷൻസ്), ബ്രദർ കണ്ടത്തിൽ തോമസ് (ജിത്തു) (സുവാറ, സി.എം എൽ, ദർശകൻ, വിമല ബുക്സ് & പബ്ലിക്കേഷൻസ്) ബ്രദർ കാവാലംപുതുപറമ്പിൽ കുര്യൻ (അബു) (സിറ്റഡൽ സ്കൂൾ, റാന്നി), ബ്രദർ പൂവക്കുളം ജോർജ് (റ്റോണി) (കൂരിയ, ബുള്ളറ്റിൻ, അർക്കീവ്സ്, ട്രൈബൂണൽ) എന്നിവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**3. ഇടക്കാല ശുശ്രൂഷകർക്കു നന്ദി**

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കഴിഞ്ഞ ഒരു വർഷക്കാലം ഇടക്കാല ശുശ്രൂഷകൾ നടത്തിയ ബ്രദർ കൊടിത്തോട്ടത്തിൽ ജോസഫ് (അനുമോൻ) (വി കെയർ, ദർശകൻ,

വിമല ബുക്സ് & പബ്ലിക്കേഷൻസ്, അമല കമ്മ്യൂണിക്കേഷൻസ്), ബ്രദർ മണിയമ്പ്രായിൽ ജോസഫ് (ജോമൽ) (ഫാമിലി അപ്പോസ്റ്റലേറ്റ്, ലിറ്റർജി, പി.എ.സി. അണക്കര), ബ്രദർ നെല്ലിയാനിൽ ആന്റണി (എബി) (പി.എ.സി. അണക്കര, ഫാമിലി അപ്പോസ്റ്റലേറ്റ്, ലിറ്റർജി), ബ്രദർ ഓവേലിൽ തോമസ് (റ്റോം) (സിറ്റഡൽ സ്കൂൾ, റാന്നി, സുവാറ, സി.എം എൽ, ട്രൈബ്യൂണൽ), ബ്രദർ പരവരാകത്ത് തോമസ് (ജിബിൻ) (കൂരിയ, ബുള്ളറ്റിൻ, ആർക്കീവ്സ്), ബ്രദർ പീടികയിൽ ദേവസ്യാ (റിൻസ്) (ദർശകൻ, വിമല ബുക്സ് & പബ്ലിക്കേഷൻസ്, അമല കമ്മ്യൂണിക്കേഷൻസ്, വി കെയർ), ബ്രദർ തൂങ്ങൻപ്പറമ്പിൽ ഫിലിപ്പ് (ആൽബിൻ) (എസ്.എം.വൈ.എം., കെ.സി.എസ്.എൽ, മൈനർ സെമിനാരി, പൊടിമറ്റം), ബ്രദർ ഉറുമ്പിൽ തോമസ് (കെവിൻ) (സുവാറ, സി.എം എൽ, ട്രൈബ്യൂണൽ, സിറ്റഡൽ സ്കൂൾ, റാന്നി), ബ്രദർ വടക്കേടത്ത് ജോസഫ്(സിജോ) (മൈനർ സെമിനാരി, പൊടിമറ്റം, എസ്.എം.വൈ.എം., കെ.സി.എസ്.എൽ.) എന്നിവർക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

---

## പാസ്റ്ററൽ കൗൺസിൽ സമ്മേളനം
## 2024 ഏപ്രിൽ 20

പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത് സമ്മേളനം 2024 ഏപ്രിൽ 20–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ കൂടുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഡോ. ജൂബി മാത്യു**
സെക്രട്ടറി
9447601251



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. അഗസ്റ്റിൻ തെക്കേമുറി | 6,750/- |
| റവ. ഫാ. അബ്രാഹം കൊച്ചുവീട്ടിൽ | 15,000/- |
| റവ. ഫാ. അബ്രാഹം തൊമ്മിക്കാട്ടിൽ | 20,000/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 5,000/- |
| റവ. ഫാ. തോമസ് മറ്റമുണ്ടയിൽ | 10,000/- |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | 20,000/- |
| റവ. ഫാ. സോണി മണക്കാട്ട് | 50,000/- |
| റവ. ഫാ. അഭിലാഷ് മണ്ണിപ്പറമ്പിൽ | 11,000/- |
| റവ. ഫാ. ആന്റണി ചെന്നക്കാട്ടുകുന്നേൽ | 30,000/- |
| റവ. ഫാ. ബിജു മങ്കന്താനം | 17,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**(പ്രസിഡന്റ്)**

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശ ശേഖരണം**

ജീവൻ ദശാംശശേഖരണം പുതുഞായർ ദിനത്തിൽ പൂർത്തിയാക്കി ഏപ്രിൽ 30-നുള്ളിൽ തുക പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ നല്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

ദശാംശസംബന്ധമായ വിവരങ്ങൾ ഒന്നും നഷ്ടപ്പെടാതെ കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനുവേണ്ടി ദശാംശഫോറത്തിലെ വിവരങ്ങളിലോ കണക്കിലോ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ പാസ്റ്ററൽ ആനിമേഷൻ ഓഫീസുമായി ബന്ധപ്പെടുക. മുൻവർഷങ്ങളിലെ തുകയുടെ കോളത്തിൽ തിരുത്തലുകൾ വരുത്തരുത്.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പതിനായിരത്തിൽ (10,000/-) കൂടിയ തുക രൂപതാ ഓഫീസിൽ നേരിട്ട് വാങ്ങുന്നതിന് നിയന്ത്രണങ്ങളുള്ളതിനാൽ ദശാംശതുക മേൽപറഞ്ഞ തുകയിൽ കൂടുതലുള്ള ഇടവകകൾ ബാങ്ക് ട്രാൻസ്ഫർ വഴിയോ RTGS വഴിയോ ജീവൻ അക്കൗണ്ടിൽ നിക്ഷേപിക്കുമല്ലോ. ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഇടവകകളുടെ പേരുകൾ വ്യക്തമല്ലാത്തതിനാൽ രസീത് നല്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാറുണ്ട്. അതിനാൽ ബാങ്കിൽ തുക നിക്ഷേപിച്ചതിനുശേഷം ഫോൺ/വാട്ട്സ്ആപ്പ് മെസേജ് (9645674443) മുഖേന അറിയിക്കുമല്ലോ. ജീവൻ അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**Account details**
**Diocese of Kanjirapally**
**(Fr. Sibandhu Devasia & Fr. Stanly Eapen)**
**A/C No. 10310100237040**
**Federal Bank, Kanjirapally Branch**
**IFSC - FDRL0001031, Ph :9496033110, Mob: 9645674443**

## സുവർണ്ണ ജൂബിലി സന്യസ്ത സംഗമങ്ങൾ

രൂപത സുവർണജൂബിലിക്കൊരുക്കമായി നടത്തപ്പെടുന്ന സന്യസ്തസംഗമങ്ങൾ മാർച്ച് 9, മാർച്ച് 16 തീയതികളിൽ നടത്തപ്പെട്ടു. രൂപത വികാരി ജനറാളും ചാൻസലറുമായ റവ. ഡോ. കുര്യൻ താമരശ്ശേരി അച്ചൻ സംസാരിക്കുകയും ചർച്ചകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. നിർമ്മല തിയോളജിക്കൽ കോളജിലെ പൂർവ്വവിദ്യാർത്ഥികളായ സന്യാസിനികളുടെ സംഗമാവസരമെന്ന നിലയിലും കൂടി സംഘടിപ്പിക്കുന്ന പരിശീലനപരിപാടി കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), നിർമ്മല തിയോളജിക്കൽ കോളജ് എന്നിവയുടെ സഹകരണത്തിലാണ് സംഘടിപ്പിക്കുന്നത്. CRI പ്രസിഡന്റ് റവ. സി. അമല FCC സന്യാസിനി സമൂഹങ്ങളുടെ ഏകോപനസമിതി സെക്രട്ടറി റവ. സി. അൻസ തുണ്ടിയിൽ SH, റവ. സി. സിൻസി മരിയ FCC, റവ. സി. ജസിന്ത CMC, റവ. സി. റാണിറ്റ് SH, റവ. സി. ലിൻസി SH, റവ. സി. ആഗ്നൽ SH, റവ. സി. ജുവാൻ SH, തിരുഹൃദയസന്യാസിനി സമൂഹത്തിലെ ബഹുമാനപ്പെട്ട പോസ്റ്റുലൻസ് സോണിയ, റിനി, ലിയ, നിമ്മി, നീനു, മേബിൾ, മറിയാമ്മ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി സഹകരിച്ചു.

### രൂപതാദിന ആലോചനായോഗം

രൂപതാദിനാഘോഷങ്ങളുടെ ജനറൽ കൺവീനറായ എരുമേലി ഫൊറോന വികാരി പുതുപ്പറമ്പിൽ ഏറ്റവും ബഹുമാനപ്പെട്ട വർഗ്ഗീസച്ചന്റെ അധ്യക്ഷതയിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ജൂബി മാത്യുവിന്റെ സാന്നിധ്യത്തിൽ മാർച്ച് 7, വ്യാഴാഴ്ച എരുമേലിയിൽ യോഗം ചേർന്നു. ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ഭാവിക്രമീകരണങ്ങളെക്കുറിച്ചാലോചിക്കുകയും ചെയ്തു.

### ഇടവക നേതൃസംഗമം

എരുമേലി ഫൊറോനയിൽ നടത്തപ്പെടുന്ന രൂപതാദിനാഘോഷങ്ങളുടെ ഒരുക്കമെന്ന നിലയിൽ ഫൊറോനയിലെ എല്ലാ ഇടവകകളിലെയും നടത്തുകൈക്കാരൻമാർ ഫൊറോനയിൽനിന്നുള്ള പാസ്റ്ററൽ കൗൺസിലംഗങ്ങൾ, പാരീഷ് കൗൺസിൽ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, കുടുംബക്കൂട്ടായ്മ പ്രതിനിധി, മദർ സുപ്പീരി

യർ എന്നിവരുടെ യോഗം ഏപ്രിൽ 7, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് എരുമേലി ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്.

**സംഘടന നേതൃസംഗമം**

വിവിധ സംഘടനകളുടെ എരുമേലി ഫൊറോനതല എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഏകോപനയോഗം രൂപതാദിനാഘോഷ ഒരുക്കമെന്ന നിലയിൽ ഏപ്രിൽ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് എരുമേലി ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്.

**വോളണ്ടിയേഴ്സ് മീറ്റ്**

രൂപതാദിനാഘോഷങ്ങളുടെ വോളണ്ടിയേഴ്സിന്റെ സംഗമം മെയ് 1, ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് എരുമേലി ഫൊറോനപള്ളിയിൽ ചേരുന്നതാണ്.

എരുമേലിയിലെ ഇടവകകളിൽ നിന്നുള്ള വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് ഏപ്രിൽ 20-ന് മുമ്പായി ഫൊറോന കേന്ദ്രത്തിൽ നല്കേണ്ടതാണ്.

**വൈദികവിദ്യാർത്ഥികളുടെ ഭവനസന്ദർശനം**

എരുമേലി ഫൊറോനയിലെ ഇടവകകളിലെ ഭവനങ്ങൾ രൂപതയിലെ വൈദിക വിദ്യാർത്ഥികൾ ഏപ്രിൽ 26, വെള്ളി മുതൽ മെയ് 3 വരെയുള്ള ദിവസങ്ങളിൽ സന്ദർശിക്കും. ഭവനസന്ദർശനവും തുടർന്ന് കുടുംബക്കൂട്ടായ്മകളിൽ ക്ലാസുമാണ് ക്രമീകരിക്കുന്നത്.

കുടുംബക്കൂട്ടായ്മകളിലെ ക്ലാസുകൾക്കുള്ള ഒരുക്കമെന്ന നിലയിൽ വൈദികവിദ്യാർത്ഥികളുടെ അവധിക്കാല ക്ലാസിനോടനുബന്ധിച്ച് ഏപ്രിൽ 16, ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചന്റെ നേതൃത്വത്തിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസും ചർച്ചയും നടത്തപ്പെടും.

ഭവനസന്ദർശനങ്ങളുടെ അജപാലനപ്രസക്തിയും പ്രായോഗിക നിർദ്ദേശങ്ങളും സംബന്ധിച്ച് ഏപ്രിൽ 15 തിങ്കളാഴ്ച കയ്യാണിയിൽ ബഹുമാനപ്പെട്ട മാത്യു അച്ചൻ ക്ലാസ് നയിക്കുന്നതാണ്.

രൂപതാദിന ആതിഥേയത്വത്തിനൊരുങ്ങുന്ന എരുമേലി ഫൊറോനയിലെ ഇടവകകളിൽ ഒരുക്കമെന്ന നിലയിലാണ് ഭവനസന്ദർശനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**രൂപതാദിനാഘോഷങ്ങൾ**

രൂപതാദിനത്തിനൊരുക്കമായി ഏകദിനബൈബിൾ കൺവെൻഷൻ എരുമേലി ഫൊറോനപള്ളി അങ്കണത്തിൽ മെയ് 11, ശനിയാഴ്ച അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ഫാ. ബിനോയി കരിമരുതുങ്കൽ നയിക്കും.

മെയ് 12, ഞായറാഴ്ച ഫൊറോനയിലെ പാരീഷ് കൗൺസിലംഗങ്ങൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സംഘടന ഭാരവാഹികൾ എന്നിവരുടെ സംഗമം എരുമേലി ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെടും. റവ. ഡോ. ജോസഫ് കടുപ്പിൽ, ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ പരിശീലനത്തിന് നേതൃത്വം നല്കും.

മെയ് 13 തിങ്കളാഴ്ച എരുമേലി ഫൊറോനപള്ളിയിൽ രൂപതാദിനാഘോഷം നടത്തപ്പെടും.

**പരിശുദ്ധ കുർബാന എഴുന്നള്ളിച്ച് നല്കുന്ന അസാധാരണ ശുശ്രൂഷകർക്കുള്ള പരിശീലനം**

ഇടവകകളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ച് നല്കുന്ന Extra Ordinary Ministers എന്ന നിലയിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള പരിശീലന പരിപാടി രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി താഴെ പറയുന്ന വിധത്തിൽ ഫൊറോന അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു.

| | | |
|---|---|---|
| കാഞ്ഞിരപ്പള്ളി, റാന്നി, പത്തനംതിട്ട, പെരുവന്താനം ഫൊറോനാകൾ | മെയ് 16 (വ്യാഴം) | കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ |
| കട്ടപ്പന, കുമളി, അണക്കര, മുണ്ടിയെരുമ, ഉപ്പുതറ, ഫൊറോനാകൾ | മെയ് 17 (വെള്ളി) | കട്ടപ്പന ഫൊറോന പള്ളി ആഡിറ്റോറിയം. |
| എരുമേലി, വെളിച്ചിയാനി ഫൊറോനാകൾ | മെയ് 30 (വ്യാഴം) | കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ |
| പൊൻകുന്നം, മുണ്ടക്കയം ഫൊറോനാകൾ | മെയ് 31 (വെള്ളി) | കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ |

**പ്രത്യേകം ശ്രദ്ധിക്കുക**

രാവിലെ 9.30 ന് രജിസ്ട്രേഷൻ.

1) ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശുപാർശക്കത്തോടുകൂടിയാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. പ്രസ്തുത ശുപാർശക്കത്തനുസരിച്ച് സർട്ടിഫിക്കറ്റുകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ കത്തിൽ പേരുകൾ വ്യക്തമായി നല്കുമല്ലോ.

2) പരിശീലന പരിപാടിയിൽ പൂർണ്ണമായി പങ്കെടുത്ത്, അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് നല്കുന്ന അനുമതിപത്രം ലഭിക്കുന്നവരെയാണ് ശുശ്രൂഷയ്ക്കായി ഇടവകകളിൽ നിയോഗിക്കുന്നത്.

3) പങ്കെടുക്കുന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ (പേര്, സന്യാസസമൂഹം, ഇടവക) മെയ് 12 നു മുമ്പ് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (9645674443, 9496033110, panimationkply@gmail.com) അറിയിക്കേണ്ടതാണ്.

4) 100/ രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

5) അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇടവകയിലെ ശുശ്രൂഷയ്ക്ക് മാത്രമാണ് അനുമതി ലഭിക്കുന്നത്.

6) അനുമതിയുടെ കാലാവധി ഒരു വർഷത്തേയ്ക്ക് മാത്രമായതിനാൽ മുൻപ് പരിശീലന പരിപാടിയിൽ സംബന്ധിച്ചവരും പരിശീലനത്തിൽ പങ്കെടുത്ത് അനുമതിപത്രം വാങ്ങേണ്ടതാണ്.

**ഇടയകൂടാരം : വൈദിക തുടർപരിശീലനം**

അഭിവന്ദ്യ രൂപതാധ്യക്ഷനൊത്തുള്ള വൈദിക തുടർപരിശീലന പരിപാടിയായ 'ഇടയകൂടാരം' ഏപ്രിൽ 22, തിങ്കൾ വൈകുന്നേരം 5 മണി മുതൽ ഏപ്രിൽ 24, ബുധൻ വൈകുന്നേരം 4 മണി വരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് ഫെബ്രുവരി മാസം ബുള്ളറ്റിനിൽ (പേജ് 26) പ്രസിദ്ധീകരിച്ചിരുന്നത് ശ്രദ്ധിക്കുമല്ലോ.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ഡയറക്ടർ**

# റെയിൻബോ 2021

റെയിൻബോ പദ്ധതിയിലെ ഭവനങ്ങളുടെ നിർമ്മാണം സമാപനഘട്ടത്തിലാണ്. സാങ്കേതികമായ നിബന്ധനകൾ പൂർത്തിയാകുന്നതിനനുസരിച്ച് 8 ഭവനങ്ങളും കൈമാറാനാകുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

---

## സ്നേഹസ്മരണയ്ക്ക്



**റവ.ഫാ. ജോസഫ്**
**മടുക്കക്കുഴി**
(01.10.1928 – 07.04.1988)



**റവ.ഫാ. ജോസഫ്**
**മരുതോലിൽ**
(06.02.1929 – 08.04.2009)




**റവ.ഫാ. ജോസ്**
**തെക്കേൽ**
(03.07.1941 – 14.04.2020)



**റവ. ഫാ. തോമസ്**
**ആര്യമണ്ണിൽ**
(16.06.1931 – 20.04.2018)



**റവ. ഫാ. ജോസ്**
**പുത്തൻകടുപ്പിൽ**
(16.08.1934 – 22.04.2020)



**റവ. ഫാ. സ്റ്റനിസ്ലാവോസ്**
**ഞള്ളിയിൽ**
(15.01.1914 – 23.04.2006)



**റവ.ഫാ. എബ്രാഹം**
**പറമ്പിൽ**
(15.05.1947 – 23.04.2022)

# വിശ്വാസജീവിത പരിശീലനം

**ഏപ്രിൽ മാസത്തെ കർമ്മപരിപാടികൾ**

| | | |
|---|---|---|
| 1 തിങ്കൾ – 5 വെള്ളി | – | ഉത്ഥാനോത്സവം |
| 4 വ്യാഴം | – | സ്കോളർഷിപ്പ് പരീക്ഷ ഫലപ്രഖ്യാപനം |
| | | : 10, 11, 12 ക്ലാസുകളിലെ പരീക്ഷയുടെ ഫലപ്രഖ്യാപനം |
| | | : റീ എക്സാമിനുള്ള രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| 6 ശനി | – | വാർഷിക പരീക്ഷ<br>ലിറ്റിൽ ഫ്ളവർ, സെന്റ് ഡൊമിനിക് സാവിയോ, സെന്റ് അൽഫോൻസാ വിഭാഗങ്ങൾ. (1 മുതൽ 9 വരെ ക്ലാസുകൾ)<br>സമയം – 9.00 am മുതൽ 11.00 am വരെ. |
| 13 ശനി | – | CTC ക്ലാസ് |
| 15 തിങ്കൾ | – | സപ്ലിമെന്ററി പരീക്ഷ (റീ എക്സാം)യ്ക്കുള്ളവരുടെ പേരുവിവരവും രജിസ്ട്രേഷൻ ഫീസും രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി |
| | | : 12 വർഷം മുടങ്ങാതെ ഹാജരുള്ള കുട്ടികളുടെ പേരുവിവരം രൂപതാ ഓഫീസിൽ നൽകേണ്ട അവസാന ദിവസം. |

| | | |
|---|---|---|
| 28 വ്യാഴം | - | സപ്ലിമെന്ററി പരീക്ഷ (റീ എക്സാം) ഫോറോന കേന്ദ്രങ്ങളിൽ (2.00 pm - 4.30 pm) |
| മെയ് 11,12 (ശനി, ഞായർ) | - | CTC ക്യാമ്പും പരീക്ഷയും PDS ട്രെയിനിംഗ് സെന്റർ തട്ടാത്തിക്കാനം |
| മെയ് 13 തിങ്കൾ | - | രൂപതാദിനാഘോഷം (രൂപതാദിനം മെയ് 12) |
| മെയ് 15 ബുധൻ | - | ഇടവക തലത്തിൽ നടത്തുന്ന 11-ാം ക്ലാസ് റീ എക്സാമിന്റെ മാർക്ക് രൂപതാഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി |

**സ്കോളർഷിപ്പ് പരീക്ഷാഫലം**

സ്കോളർഷിപ്പ് പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഏപ്രിൽ 10 മുതൽ കേന്ദ്ര ഓഫീസിൽ ലഭ്യമാണ്.

**പരീക്ഷാഫലം : സെന്റ് തോമസ് വിഭാഗം**

10, 11, 12 ക്ലാസുകളിലെ പരീക്ഷയുടെ ഫലം ഏപ്രിൽ 4 ന് പ്രസിദ്ധീകരിക്കുന്നതാണ്. മാർക്ക് ലിസ്റ്റ് അന്നുമുതൽ വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റായ www.suvara.org ൽ നിന്നും സുവാറ ടെക്സപ്പോർട്ടേഴ്സിന്റെ സഹായത്തോടെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ മാർക്ക് ലിസ്റ്റ് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ളതല്ല എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

**വാർഷിക പരീക്ഷ**

ലിറ്റിൽഫ്ളവർ, സെന്റ് ഡൊമിനിക് സാവിയോ, സെന്റ് അൽഫോൻസ വിഭാഗങ്ങളുടെ (1 മുതൽ 9 വരെ ക്ലാസുകൾ) വാർഷിക പരീക്ഷ ഏപ്രിൽ 6-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ നടത്തുന്നു. പരീക്ഷാസമയത്തിന് ഒരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല. വിജയിക്കാനാവശ്യമായ മാർക്ക് ലഭിക്കാത്തതോ പരീക്ഷ എഴുതാൻ സാധിക്കാത്തതോ ആയ

കുട്ടികളുണ്ടെങ്കിൽ അവർക്കായി അടുത്ത അദ്ധ്യായന വർഷമാരം ഭിക്കുന്നതിനു മുമ്പ് ഒരു പരീക്ഷകൂടി ഇടവക തലത്തിൽ നടത്തി ക്ലാസുകയറ്റം നിശ്ചയിക്കാവുന്നതാണ്.

**റീ എക്സാം (സപ്ലിമെന്ററി പരീക്ഷ)**

10, 12 ക്ലാസുകളിൽ നിന്ന് പരീക്ഷയിൽ വിജയിക്കാനാവശ്യ മുള്ള മാർക്ക് നേടാൻ സാധിക്കാത്തവർക്കും (പരീക്ഷ ഫലത്തിൽ ഇവരുടെ പേരിനുനേരെ **F** അടയാളം രേഖപ്പെടുത്തിയിരിക്കും) പൊതു പരീക്ഷ എഴുതാൻ സാധിക്കാതെ പോയവർക്കും വേണ്ടി ഒരു പരീക്ഷ ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച നടത്തുന്നതാണ്. ഫൊറോനാ കേന്ദ്രങ്ങളിൽ വച്ചായിരിക്കും പ്രസ്തുത പരീക്ഷ നടത്തുക. ഈ പരീക്ഷയിൽ പങ്കെടുക്കുന്നതിന് 200 രൂപ ഫീസോടുകൂടി പ്രത്യേക രജിസ്ട്രേഷൻ നടത്തേണ്ടതാണ്. വാർഷിക പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരുന്നവർക്കുമാത്രമേ റീ എക്സാം (സപ്ലിമെന്ററി പരീക്ഷ) എഴുതാൻ സാധിക്കൂ.

സപ്ലിമെന്ററി പരീക്ഷ (റീ എക്സാം) സമയക്രമം

ഏപ്രിൽ 4 : ഫലപ്രഖ്യാപനം

ഏപ്രിൽ 4 - 15 : രജിസ്ട്രേഷനുള്ള സമയം (ഫീസ് 200 രൂപ)

ഏപ്രിൽ 28 : സപ്ലിമെന്ററി പരീക്ഷ (റീ എക്സാം) - 2.00 pm മുതൽ 4.30 pm വരെ (ഫൊറോനാ കേന്ദ്രങ്ങളിൽ)

സപ്ലിമെന്ററി പരീക്ഷ (റീ എക്സാം) ഒരു തവണ മാത്രമേ ഉണ്ടായിരിക്കൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിനാൽ റീ എക്സാം എഴുതേണ്ട എല്ലാ കുട്ടികളും ഈ ദിവസം തന്നെ പരീക്ഷ എഴുതുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

11-ാം ക്ലാസിലെ റീ എക്സാം അതാത് ഇടവകകളിൽ നടത്തി അതിന്റെ മാർക്ക് മെയ് മാസം 15-ാം തീയതിക്കുള്ളിൽ സുവാറാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഉത്ഥാനോത്സവം 2024**

ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 1 മുതൽ 5 വരെയാണ് നടക്കുന്നത്. വിശ്വാസജീവിതപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളും ഉത്ഥാനോത്സവത്തിൽ പൂർണ്ണമായും പങ്കുചേരാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതാണ്.

ഒരു വർഷത്തെ വിശ്വാസപരിശീലന പദ്ധതിയുടെ ഭാഗം തന്നെയാണ് ഉത്ഥാനോത്സവവും. അതിനാൽ ഞായറാഴ്ചപോലെ തന്നെ ഹാജരുള്ള ദിവസങ്ങളാണവ. മുഴുവൻ ഹാജരുള്ള കുട്ടികളെ സമ്മാനത്തിനായി തിരഞ്ഞെടുക്കുമ്പോൾ ഉത്ഥാനോത്സവത്തിന്റെ ഹാജരും പരിഗണിക്കേണ്ടതാണ്.

ഉത്ഥാനോത്സവം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഒരേപോലെ നടത്താൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നതാകയാൽ ഇതിന്റെ ദിവസങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ സാഹചര്യമനുസരിച്ചു സമയക്രമീകരണങ്ങൾ ആകാമെങ്കിലും ഓരോ ദിവസവും 4 മണിക്കൂർ എങ്കിലും പ്രവർത്തനങ്ങൾ ഉണ്ടായിരിക്കണം.

ഉത്ഥാനോത്സവം കുട്ടികളുടേതു മാത്രമല്ല, ഇടവക മുഴുവന്റെയും വിശ്വാസാഘോഷമാണ്. അതിനാൽ ഉത്ഥാനോത്സവത്തിന് ഒരുക്കമായി ഇടവകയുടെ നേതൃശുശ്രൂഷയിൽ ഉള്ളവരെല്ലാവരും - ബഹു. വൈദികർ, കൈക്കാരന്മാർ, വിശ്വാസപരിശീലകർ, പ്രതിനിധി യോഗാംഗങ്ങൾ, കൂട്ടായ്മാ ലീഡർമാർ, സംഘടനാ ഭാരവാഹികൾ എന്നിവർ - സമ്മേളിച്ച് ഉത്ഥാനോത്സവം ഭംഗിയായി നടത്താൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതാണ്.

ഇടവകയിൽ ഉത്ഥാനോത്സവത്തിനു നേതൃത്വം നൽകുന്നവർ - ബഹു. വൈദികർ, പ്രഥമാദ്ധ്യാപകൻ/ അധ്യാപിക, സ്റ്റാഫ് സെക്രട്ടറി തുടങ്ങിയവർ - എല്ലാ വിഭാഗങ്ങളുടെയും ഉത്ഥാനോത്സവ വർക്ക് ബുക്കുകൾ മുൻകൂട്ടി മനസ്സിലാക്കി ഉത്ഥാനോത്സവത്തിന്റെ ഓരോ

ദിനത്തിന്റെയും ആകമാന ചിത്രം മനസ്സിലാക്കേണ്ടതാണ്. വിവിധ വിഭാഗങ്ങളുടെ സമാനസ്വഭാവമുള്ള പ്രവർത്തനങ്ങൾ overlapping / clash ഉണ്ടാകാതെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾ കുറവുള്ള ഇടവകകളിൽ വിവിധ ഗ്രൂപ്പുകളെ ഒരുമിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

**12 വർഷവും മുഴുവൻ ഹാജരുള്ള കുട്ടികൾക്കുള്ള ആദരം**

12 വർഷവും മുടങ്ങാതെ ഹാജരുള്ള കുട്ടികളെ രൂപതാവിശ്വാസപരിശീലനദിനത്തിൽ ആദരിക്കുന്നതാണ്. ഈ വർഷത്തെ ഉത്ഥാനോത്സവത്തിന്റെ ഹാജരുൾപ്പെടെ പരിഗണിക്കേണ്ടതാണ്. മുഴുവൻ ഹാജർ നേടിയവരുടെ പേര്, വീട്ടുപേര്, അടുത്തകാലത്ത് എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ, ഇടവക, മാതാപിതാക്കളുടെ പേര്, എന്നിവ ഏപ്രിൽ 15 ന് മുമ്പ് രൂപതാ ഓഫീസിലേയ്ക്ക് (Whatsapp 8547547317) അയച്ചുതരേണ്ടതാണ്.

**നന്ദി**

കഴിഞ്ഞ ആറ് മാസക്കാലം രൂപതാ വിശ്വാസജീവിതപരിശീലന കേന്ദ്രത്തിൽ റീജന്റായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത ബ്രദർ തോമസ് (ടോം) ഓവേലിലിന് ഹൃദയം നിറഞ്ഞ നന്ദി, ആശംസകൾ, പ്രാർത്ഥനകൾ.

**സ്വാഗതം**

വിശ്വാസജീവിതപരിശീലനത്തിന്റെ കേന്ദ്രകാര്യാലയത്തിൽ റീജൻസി ആരംഭിച്ചിരിക്കുന്ന ബ്രദർ തോമസ് (ജിത്തു) കണ്ടത്തിലിന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**സി.റ്റി.സി. ക്ലാസ്**

മാർച്ച് 9-ാം തീയതി സി.റ്റി.സി. 38-ാം ബാച്ചിന്റെ ക്ലാസ് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്നു. ബഹു. ബിന്നി കയ്യാണി അച്ചനാണ് ക്ലാസ് നയിച്ചത്.

## HDC പരീക്ഷ

ഈ വർഷത്തെ HDC യുടെ വാർഷിക പരീക്ഷ - വാചിക പരീക്ഷയും എഴുത്തുപരീക്ഷയും - കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് പബ്ലിക്ക് സ്കൂളിൽ വച്ച് മാർച്ച് 9-ാം തീയതി നടന്നു.

## ഉത്ഥാനോത്സവം അദ്ധ്യാപക പരിശീലനം

ഉത്ഥാനോത്സവം 2024 ന് ഉള്ള അദ്ധ്യാപക പരിശീലനം ഫെബ്രുവരി 25 മുതൽ മാർച്ച് 17 വരെ ഉള്ള ഞായറാഴ്ചകളിലും മാർച്ച് 8 ലെ അവധി ദിനത്തിലുമായി പൂർത്തിയായി. റാന്നി, അണക്കര, കട്ടപ്പന, മേരികുളം, കാഞ്ഞിരപ്പള്ളി, പൊൻകുന്നം, മുണ്ടക്കയം, എരുമേലി എന്നിവിടങ്ങളിൽ യഥാക്രമം ഫെബ്രുവരി 25, മാർച്ച് 3, മാർച്ച് 8, മാർച്ച് 10, മാർച്ച് 17 തീയതികളിൽ നടന്ന പരിശീലന പരിപാടിയിൽ അധ്യാപകർ പങ്കെടുത്തു.

അദ്ധ്യാപക പരിശീലനം ഭംഗിയായി നടത്തുവാൻ നേതൃത്വം നൽകിയ ഫൊറോനാ ഡയറക്ടറച്ചന്മാർ, ഫൊറോനാ സെക്രട്ടറിമാർ, പ്രഥമാദ്ധ്യാപകർ, വിവിധ സഹായങ്ങൾ ചെയ്തു തന്ന ആളുകൾ ക്ലാസുകൾ മനോഹരമായി നയിച്ച റിസോഴ്സ് പേഴ്സൺസ്, ആത്മാർത്ഥതയോടെ പങ്കെടുത്ത അദ്ധ്യാപകർ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

ഉത്ഥാനോത്സവം 2024 ന്റെ വർക്ക് ബുക്കുകൾ തയ്യാറാക്കുകയും അവ ഉപയോഗിച്ച് അദ്ധ്യാപക പരിശീലനം ഭംഗിയായി നടത്താൻ നേതൃത്വം നൽകുകയും ചെയ്ത ഉത്ഥാനോത്സവം റിസോഴ്സ് ടീം അംഗങ്ങൾ.

<u>സെന്റ് തോമസ് വിഭാഗം</u>

ബിനീഷ് കളപ്പുരയ്ക്കൽ - മേരികുളം
ഹാരി സി. ജോസഫ് ചീരംകുന്നേൽ - ഉപ്പുതറ
ഷിജോ തോണിയാങ്കൽ - എരുത്വാപ്പുഴ
ബിനീഷ് കുരിശിങ്കൽ - കട്ടപ്പന
റീബി മാർട്ടിൻ പേഴത്തുവയലിൽ - കുന്നുംഭാഗം

## സെന്റ് അൽഫോൻസാ വിഭാഗം

ജോബി പാലാപുളിക്കൽ - കാഞ്ഞിരപ്പള്ളി
ഡോളി പാലാപുളിക്കൽ - കാഞ്ഞിരപ്പള്ളി
ബിനോ പി. ജോസ് പെരുന്തോട്ടം - മുണ്ടക്കയം
എബിൻ വലിയകുളത്തിൽ - പേഴുംപാറ
റിയ ചുഴികുന്നേൽ - ചെറുവള്ളി
മരിയ ബിനോ എലവത്തിൽ - പ്ലാച്ചേരി

## സെന്റ് ഡൊമിനിക് സാവിയോ വിഭാഗം

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ - പൊടിമറ്റം
ആൻ റോസ് കൊല്ലംകുന്നേൽ - ചേനപ്പാടി
മരിയ റോസ് കൊല്ലംകുന്നേൽ - ചേനപ്പാടി
ബിനോയ് സെബാസ്റ്റ്യൻ തെക്കേപുളിക്കൽ - കൂവപ്പള്ളി
ബിന്ദു ജോയ്സ് കൊള്ളിക്കൊളവിൽ - കാരികുളം
കരോളിൻ തോമസ് നെല്ലിയാനിയിൽ - പാലൂർക്കാവ്
സോഫി ബോബി കിഴക്കേത്തലയ്ക്കൽ - പൊടിമറ്റം
സാന്ദ്ര എൽസ തകിടിപ്പുറത്ത് - അണക്കര
ജോസ് കുര്യൻ വടക്കേയിൽ - ചേനപ്പാടി
സി. സ്റ്റെല്ല തുണ്ടിയിൽ എസ്.എ.ബി.എസ്. - കുമളി

## ലിറ്റിൽ ഫ്ളവർ വിഭാഗം

സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ - ചീങ്കൽത്തടം
മെർളിൻ സാജൻ മാമ്മൂട്ടിൽ - ചീങ്കൽത്തടം
അനിറ്റ മാർട്ടിൻ ഉറുമ്പുമാട്ടേൽ - ചെന്നാക്കുന്ന്
റോണിയ സണ്ണി കടപ്ലാക്കൽ - ചിന്നാർ

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഏപ്രിൽ മാസത്തെ കർമ്മപരിപാടികൾ**

**മിശിഹാനുഭവധ്യാനം**

ഏപ്രിൽ 9, 10, 11 (ചൊവ്വ - വ്യാഴം) - കട്ടപ്പന, ഉപ്പുതറ, മുണ്ടിയെരുമ ഫൊറോനകൾ (പി.എ.സി. അണക്കര)

ഏപ്രിൽ 15,16,17 (തിങ്കൾ-ബുധൻ) - അണക്കര, കുമളി ഫൊറോനകൾ (പി.എ.സി. അണക്കര)

ഏപ്രിൽ 20,21,22 (ശനി-തിങ്കൾ) - എരുമേലി, മുണ്ടക്കയം, പെരുവന്താനം, റാന്നി, പത്തനംതിട്ട ഫൊറോനകൾ (എമ്മാനുവേൽ റിട്രീറ്റ് സെന്റർ: തമ്പലക്കാട്)

ഏപ്രിൽ 28,29,30 (ഞായർ-ചൊവ്വ) - കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, പൊൻകുന്നം ഫൊറോനകൾ (എമ്മാനുവേൽ റിട്രീറ്റ് സെന്റർ: തമ്പലക്കാട്)

**ധ്യാനദിവസങ്ങളുടെ മാറ്റം**

ഏപ്രിൽ 24 മുതൽ 26 വരെ നടത്താൻ നിശ്ചയിച്ചിരുന്ന മിശിഹാനുഭവധ്യാനം ഏപ്രിൽ 26-ാം തീയതി പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ ഏപ്രിൽ 28 മുതൽ 30 വരെ (ഞായർ-ചൊവ്വ) തീയതികളിലേയ്ക്ക് പുനഃക്രമീകരിക്കേണ്ടിവന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, പൊൻകുന്നം ഫൊറോനകളിലുള്ളവർ ശ്രദ്ധിക്കുമല്ലോ.

**മിശിഹാനുഭവധ്യാനം സംബന്ധിച്ച് മാതാപിതാക്കളുടെയും കുട്ടികളുടെയും വിശ്വാസ പരിശീലകരുടെയും ശ്രദ്ധയ്ക്കായി ഏതാനും കാര്യങ്ങൾ സൂചിപ്പിക്കുന്നു.**

1. മിശിഹാനുഭവധ്യാനം പൂർണ്ണമായും ഒരു ധ്യാനമാണ്. സെമിനാ

റോ, ക്ലാസോ അല്ല. അതിനാൽ പരിപൂർണ്ണ നിശബ്ദതയിലും പ്രാർത്ഥനയിലും ആയിരിക്കാൻ സന്നദ്ധരായവർ മാത്രം ധ്യാനത്തിൽ പങ്കെടുക്കുക. മറിച്ചുള്ള പെരുമാറ്റം ഉണ്ടായാൽ അവരെ ധ്യാനകേന്ദ്രത്തിൽ നിന്ന് തിരികെ അയയ്ക്കുന്നതാണ്.

2. 10-ാം ക്ലാസിൽ വിശ്വാസജീവിതപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കു മാത്രമായുള്ള 3 ദിവസം നീളുന്ന ധ്യാനമാണിത്.

3. വിശുദ്ധ ബൈബിൾ, കുർബാനപുസ്തകം, നോട്ട് ബുക്ക്, പേന, ടോയ്‌ലറ്റ് ഉപകരണങ്ങൾ, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.

4. ധ്യാനത്തിനുതകുന്ന അച്ചടക്കം (വസ്ത്രധാരണത്തിലും, പെരുമാറ്റത്തിലും) പാലിക്കേണ്ടതാണ്.

5. മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച്, ഇലക്ട്രോണിക് ഉപകരണങ്ങൾ, സ്വർണ്ണം തുടങ്ങിയ വിലപിടിപ്പുള്ള വസ്തുക്കൾ കൊണ്ടുവരുവാനോ കൊടുത്തുവിടാനോ പാടില്ല.

6. നേരത്തേതന്നെ ധ്യാനത്തിനായി പ്രാർത്ഥിച്ചൊരുങ്ങുവാനും, ഒരുക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

7. ധ്യാനങ്ങൾ ആരംഭിക്കുന്ന ദിവസം രാവിലെ 9.30 ന് തുടങ്ങി മൂന്നാം ദിവസം ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ധ്യാനത്തിൽ പൂർണ്ണമായും സംബന്ധിക്കേണ്ടതാണ്.

8. അഞ്ചോ അതിലധികമോ കുട്ടികൾ ധ്യാനത്തിൽ സംബന്ധിക്കുന്ന ഇടവകകളിൽ നിന്ന് അധ്യാപകർ (കഴിയുമെങ്കിൽ 10-ാം ക്ലാസിലെ അധ്യാപകർ തന്നെ) കുട്ടികളോടൊപ്പം ധ്യാനകേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

9. മിശിഹാനുഭവധ്യാനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ധ്യാനത്തിന്റെ വിശദാംശങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന വ്യക്തിപരമായ കത്ത് നൽകുന്നതാണ്. അതനുസരിച്ച് പ്രാർത്ഥിച്ച് ഒരുങ്ങുവാനും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസിന്റെ ബാക്കിതുകയായ 450 രൂപ ധ്യാനത്തിനു വരുമ്പോൾ അടയ്ക്കേണ്ടതാണ്.

**നന്ദി .... സ്വാഗതം**

കഴിഞ്ഞ ആറ് മാസക്കാലം രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ റീജന്റായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പ്രിയപ്പെട്ട ടോം ഓവേലി ബ്രദറിന് ഒത്തിരി സ്നേഹത്തോടെ നന്ദിയും പ്രാർത്ഥനകളും നേരുന്നു.

മിഷൻലീഗിന്റെ പുതിയ റീജന്റായി എത്തിയിരിക്കുന്ന പ്രിയപ്പെട്ട തോമസ് (ജിത്തു) കണ്ടത്തിൽ ബ്രദറിന് മിഷൻലീഗ് കുടുംബത്തിന്റെ സ്നേഹനിർഭരമായ സ്വാഗതം.

അണക്കര ഫൊറോന മിഷൻലീഗിന്റെ വൈസ് ഡയറക്ടറായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച ബഹു. സി. ജിസ് മരിയ SH ന് ഹൃദയം നിറഞ്ഞ നന്ദി. അണക്കര ഫൊറോന മിഷൻലീഗിന്റെ പുതിയ വൈസ് ഡയറക്ടർ ബഹു. സി. ജോ മരിയ FCC യ്ക്ക് സ്നേഹപൂർവം സ്വാഗതം.

**തിരുത്ത്**

മാർച്ച് മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ വെളിച്ചിയാനി ഫൊറോനാ മുൻ വൈസ് ഡയറക്ടർ സി. ആൻ തെരേസ് FCC യുടെ പേരിനു പകരം മറ്റൊരു പേര് തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു.

**അഭിനന്ദനങ്ങൾ**

2024 മാർച്ച് 9 ന് പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് നടന്ന സംസ്ഥാനതല തെരഞ്ഞെടുപ്പിൽ ചെറുപുഷ്പ മിഷൻലീഗ് ദേശീയ സമിതി അംഗമായി ശ്രീ. ജെറിൻ ജോർജ് തോമസ് നെടുംതകിടിയേൽ തെരഞ്ഞെടുക്കപ്പെട്ടു. ജെറിൻ സാറിന് രൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനയും.

**ക്രിസ് എയ്ഞ്ചൽസ് മീറ്റ്**

ആഘോഷപൂർവമായ ദിവ്യകാരുണ്യസ്വീകരണവും ആദ്യകുമ്പസാരവും നടത്തിയ കുട്ടികളുടെ ഫൊറോന തല സംഗമമായ ക്രിസ് എയ്ഞ്ചൽസ് മീറ്റ് മെയ് 11 ശനിയാഴ്ച നടത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ഫൊറോനാ ഭാരവാഹികൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**ഈ മാസത്തിലെ പരിപാടികൾ**

ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ് : ഈ മാസം 13, 20 എന്നീ ശനിയാഴ്ചകളിൽ യഥാക്രമം ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ 1, 2 ബാച്ചുകളുടെ 4-ാമത്തെ ക്ലാസ് നടത്തപ്പെടുന്നു.

**കഴിഞ്ഞ മാസത്തിലെ പരിപാടികൾ**

- മാർച്ച് 9, 16 എന്നീ ശനിയാഴ്ചകളിൽ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ ഇരുബാച്ചുകളുടെ 3-ാമത്തെ ക്ലാസ് നടത്തപ്പെട്ടു.

ഇടവക വാർഷിക ധ്യാനങ്ങൾ

- മാർച്ച് 1,2,3 തീയതികളിൽ ഏലപ്പാറ ഇടവകയിലും 4,5,6 തീയതികളിൽ എരുത്വാപ്പുഴ ഇടവകയിലും 11,12,13 തീയതികളിൽ ഇടക്കുന്നം ഇടവകയിലും 19,20,21,22 തീയതികളിൽ ചേമ്പളം ഇടവകയിലും വാർഷികധ്യാനത്തിന് നേതൃത്വം നൽകി.

**ലോഗോസ് ബൈബിൾ ക്വിസ് (2024) പഠനഭാഗം**

- ന്യായാധിപന്മാർ 1-10
- പ്രഭാഷകൻ 34-40
- ലൂക്കാ 9-16
- 2 കോറിന്തോസ് 7-13

**ഫാ. ആന്റണി ചെല്ലംതറ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**ഏപ്രിൽ**

01 - യൂണിറ്റ് വിസിറ്റ്, പുല്ലാനിതകിടി

07 - യൂണിറ്റ് വിസിറ്റ്, കാരികുളം

13,14 - രൂപത സെനറ്റ്, ഇലക്ഷൻ

29 - നൈറ്റ് വിജിൽ

**ഫൊറോന തെരഞ്ഞെടുപ്പ്**

2024-25 വർഷത്തെ വെളിച്ചിയാനി ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 08/03/2024 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് വെളിച്ചിയാനി ഇടവകയിൽ നടത്തപ്പെട്ടു. രൂപത റീജന്റ് ബ്രദർ സിജോ വടക്കേടത്ത് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ ഉപ്പുതറ ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 09/03/2024 ശനിയാഴ്ച രാവിലെ 10 മണിക്ക് ആലമ്പള്ളി ഇടവകയിൽ നടത്തപ്പെട്ടു. രൂപത റീജന്റ് ബ്രദർ സിജോ വടക്കേടത്ത് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ മുണ്ടക്കയം ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 09/03/2024 ശനിയാഴ്ച ഉച്ചയ്ക്ക് 3:30 ന് മുണ്ടക്കയം ഇടവകയിൽ നടത്തപ്പെട്ടു. രൂപത റീജന്റ് ബ്രദർ സിജോ വടക്കേടത്ത് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ പെരുവന്താനം ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 10/03/2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പെരുവന്താനം ഇടവകയിൽ നടത്തപ്പെട്ടു. രൂപത റീജന്റ് ബ്രദർ സിജോ വടക്കേടത്ത്തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ കാഞ്ഞിരപ്പള്ളി ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 17/03/2024 ഞായറാഴ്ച രാവിലെ 10 മണിക്ക് കത്തീഡ്രൽ ഇടവകയിൽ നടത്തപ്പെട്ടു. രൂപത റീജന്റ് ബ്രദർ സിജോ വടക്കേടത്ത് തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ കുമളി ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 17/03/2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വെള്ളാരംകുന്ന് ഇടവകയിൽ നടത്തപ്പെട്ടു. രൂപത സമിതി അംഗം അനിറ്റ് കണ്ടത്തിൽ തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ മുണ്ടിയെരുമ ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 17/03/2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മുണ്ടിയെരുമ ഇടവകയിൽ നടത്തപ്പെട്ടു. മുൻ രൂപത റീജന്റ് അജോ തുണ്ടത്തിൽ തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ അണക്കര ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 17/03/2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് അണക്കര ഫൊറോന ഇടവകയിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

2024-25 വർഷത്തെ കട്ടപ്പന ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫൊറോന സെനറ്റ് സമ്മേളനവും 17/03/2024

ഞായറാഴ്ച രാവിലെ 10 മണിക്കു കട്ടപ്പന ഫൊറോന ഇടവകയിൽ നടത്തപ്പെട്ടു. എസ്.എം.വൈ.എം മുൻ റീജന്റ് ബ്രദർ അലൻ പന്തല്ലൂർപറമ്പിൽ തെരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

## നൈറ്റ് വിജിൽ

മാർച്ച് 22-ാം തീയതി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിലെ സന്യാസിനികൾക്കായി നൈറ്റ് വിജിൽ പൊടിമറ്റത്തുവച്ച് നടത്തപ്പെട്ടു. ഫാ. തോമസ് നരിപ്പാറയിൽ, ബ്രദർ സിജോ വടക്കേടത്ത്, ബ്രദർ റ്റോബിൻ ഏറത്തുകുന്നേൽ എന്നിവർ നേതൃത്വം നൽകി. നിരവധി സന്യാസിനികൾ ഇതിൽ പങ്കെടുത്തു.

## പാസ്സിയോ

ഈശോയുടെ പീഡാസഹനത്തോട് ചേർന്ന് നിന്ന് ജീവിക്കുക എന്ന ബോധ്യം യുവജനങ്ങളിൽ വളർത്തുവാൻ രൂപതാതല പാസ്സിയോ (കുരിശുമല കയറ്റം) 2024 മാർച്ച് 24 ഓശാന ഞായറാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് ലോറേഞ്ച് മേഖലയിലെ ഫൊറോനകൾ കൂവപ്പള്ളി കുരിശുമലയിലും ഹൈറേഞ്ച് മേഖലയിലെ ഫൊറോനകൾ അമരാവതി കുരിശുമലയിലും തീർത്ഥാടനം നടത്തി. മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്ത കുരിശുമല കയറ്റത്തിന് രൂപത എസ്.എം. വൈ.എം. ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ നേതൃത്വം നൽകി.

## ഐൻഹൈറ്റ്

എല്ലാവർഷവും ദുഃഖശനിയാഴ്ചകളിൽ ഇടവകകളിലെ യുവജനങ്ങളെ ഒന്നിപ്പിക്കുക, അവരിൽ പ്രാർത്ഥനാ ചൈതന്യം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടത്തപ്പെടുന്ന യുവജന സംഗമമായ ഐൻഹൈറ്റ് മാർച്ച് 30 ദുഃഖശനിയാഴ്ച്ച രൂപതയിലെ ഇടവകകളിൽ നടത്തപ്പെട്ടു.

**സ്വാഗതം**

രൂപതാ എസ്.എം.വൈ.എം. ഡയറക്ടറായി ചാർജ് എടുത്ത ഫാ. തോമസ് നരിപ്പാറയിൽ അച്ചന് രൂപതാ എസ്.എം.വൈ.എം. കുടുംബത്തിലേക്ക് സ്വാഗതം.

റാന്നി - പത്തനംതിട്ട, കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, കട്ടപ്പന, പൊൻകുന്നം, ഉപ്പുതറ, മുണ്ടക്കയം, അണക്കര, കുമളി എന്നീ ഫൊറോനാകളുടെ ഡയറക്ടർമാരായി ചാർജ് എടുത്ത യഥാക്രമം ഫാ. പീറ്റർ കിഴക്കേൽ, ഫാ. ജോസഫ് ആലപ്പാട്ടുകുന്നേൽ, ഫാ. ജോസഫ് ഇരുപ്പക്കാട്ട്, ഫാ. അബ്രഹാം വെള്ളാപ്പള്ളി, ഫാ. ബോബി വേലിക്കകത്ത്, ഫാ. വർഗീസ് പൊട്ടുകുളം, ഫാ. ആന്റണി തുണ്ടത്തിൽ, ഫാ. മാത്യു പാലയ്ക്കൽ, ഫാ. ആൻഡ്രൂസ് പേഴുംകട്ടിൽ എന്നീ വൈദികർക്ക് എസ്.എം.വൈ.എം. കുടുംബത്തിലേക്ക് സ്വാഗതവും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

രൂപത എസ്.എം.വൈ.എം. ഓഫീസിലേക്ക് റീജന്റായി കടന്നുവന്നിരിക്കുന്ന ബ്രദർ റ്റോബിൻ ഏർത്തുകുന്നേലിന് രൂപത എസ്.എം.വൈ.എം. കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

**നന്ദി**

കഴിഞ്ഞ 6 വർഷക്കാലം രൂപതാ എസ്.എം.വൈ.എം. നെ പക്വതയോടും ദീർഘവീക്ഷണത്തോടും, ദിശാ ബോധത്തോടും - കൂടി നയിച്ച്, സീറോ മലബാർ സഭയുടെ ഔദ്യോഗിക പ്രസ്ഥാനമായ എസ്.എം.വൈ.എം. എല്ലാ ഇടവകകളിലും സ്ഥാപിച്ച്, പ്രസ്ഥാനത്തെ മുന്നോട്ട് നയിച്ച ഫാ. വർഗീസ് കൊച്ചുപുരക്കൽ അച്ചന് എസ്.എം.വൈ.എം. കുടുംബത്തിന്റെ നന്ദിയും സ്നേഹവും പ്രാർത്ഥനയും അർപ്പിക്കുന്നു. അച്ചന്റെ പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, അണക്കര, വെളിച്ചിയാനി, റാന്നി പത്തനംതിട്ട, കട്ടപ്പന, പൊൻകുന്നം ഫൊറോനകളിൽ കഴിഞ്ഞ ഒരു വർഷക്കാലം ഡയറക്ടർമാരായി സേവനം ചെയ്ത യഥാക്രമം ഫാ. ആന്റോ പേഴുംകാട്ടിൽ, ഫാ. മനുരാജ് പുത്തൻവീട്ടിൽ, ഫാ. തോമസ് ഉറുമ്പിതടത്തിൽ, ഫാ. സ്കറിയ മാമൂട്ടിൽ, ഫാ. തോമസ് കാഞ്ഞിരക്കാട്ട്, ഫാ. നോബിൾ പൊടിമറ്റത്തിൽ, ഫാ. ജസ്റ്റിൻ മതിയത്ത്, എന്നിവർക്ക് രൂപതാ എസ്.എം.വൈ.എം. കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

കഴിഞ്ഞ ആറുമാസക്കാലം എസ്.എം.വൈ.എം യുവദീപ്തി റീജന്റായി സേവനമനുഷ്ഠിച്ച് വൈദിക തുടർപരിശീലനത്തിനായി പോകുന്ന ബ്രദർ സിജോ വടക്കേടത്തിന് എസ്.എം.വൈ.എം കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**അഭിനന്ദനങ്ങൾ**

ഉത്തർപ്രദേശ് മീററ്റിൽ വച്ച് നടന്ന ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ എം.ജി യൂണിവേഴ്സിറ്റിയിൽ നിന്നും മത്സരിച്ച് സമ്മാനാർഹരായ കാഞ്ഞിരപ്പള്ളി രൂപതയിലെ അമലഗിരി ഇടവകാംഗം ജോൺസ് ജോസഫിനും, കുമളി ഇടവകാംഗം ഐറിൻ ടെസ്സാ ജോസഫിനും, മ്ലാമല ഇടവകാംഗം അമൽജിത്ത് ജോമോനും, കീരിക്കര ഇടവകാംഗം മാർട്ടിൻ ജോയിക്കും, അമലഗിരി ഇടവകാംഗം ഷാരോൺ മാണിക്കും അഭിനന്ദനങ്ങൾ.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

മാർച്ച് 7,8,9 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും (NRC), മാർച്ച് 21,22,23 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും (PAC) വച്ച് വിവാഹഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8:30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## വരുന്ന ധ്യാന തീയതികൾ

| | |
|---|---|
| ഏപ്രിൽ 4,5,6 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഏപ്രിൽ 18,19,20 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| മെയ് 2,3,4 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| മെയ് 16,17,18 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |

രജിസ്ട്രേഷൻ ഫീസ്: 1700 (ആയിരത്തി എഴുനൂറ് രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 700/–രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828-205628, 201100.

**ഹോം മിഷൻ**

ഹോം മിഷന് ഒരുക്കമായി രൂപതാ ഡയറക്ടർ മാർച്ച് 3-ാം തീയതി തുലാപ്പള്ളി സെന്റ് തോമസ് ഇടവകയും മാർച്ച് 10-ാം തീയതി പാമ്പാടുംപാറ സെന്റ് ജോർജ് ഇടവകയും സന്ദർശിക്കുകയും ഇടവക ജനത്തെ ഹോം മിഷനായി ഒരുക്കുകയും ചെയ്തു.

മാർച്ച് 3 - 9 തീയതികളിൽ തുലാപ്പള്ളി സെന്റ് തോമസ് ഇടവകയിൽ SABS സന്യാസസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

മാർച്ച് 3 - 9 തീയതികളിൽ കൽത്തൊട്ടി തിരുക്കുടുംബ ഇടവകയിൽ SH, FCC, CMC സന്യാസസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

മാർച്ച് 12 - 14 തീയതികളിൽ അഴങ്ങാട് സെന്റ് ആന്റണീസ് ഇടവകയിൽ CMC സന്യാസസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

മാർച്ച് 17 - 23 തീയതികളിൽ കൊച്ചറ സെന്റ് ജോസഫ്സ് ഇടവകയിൽ FCC, SCJG സന്യാസസമൂഹങ്ങളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

മാർച്ച് 18 - 20 തീയതികളിൽ പാമ്പാടുംപാറ സെന്റ് തോമസ് ഇടവകയിൽ CMC സന്യാസസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

**കുടുംബവിശുദ്ധീകരണ ധ്യാനം**

ഫാമിലി അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 1,2,3 തീയതികളിൽ ഇളങ്ങോയി ഹോളിക്രോസ് ദൈവാലയത്തിലും മാർച്ച് 25,26,27 തീയതികളിൽ ആനിക്കാട് വ്യാകുലമാതാ ദൈവാലയത്തിലും മാർച്ച് 24-ാം തീയതി മാങ്ങാപ്പേട്ട സെന്റ് തോമസ് ഇടവകദൈവാലയത്തിലും ഫാമിലി അപ്പോസ്തോലേറ്റ് ഡയറക്ടർ കുടുംബവിശുദ്ധീകരണധ്യാനം നടത്തി.

മാർച്ച് 15-ാം തീയതി എറണാകുളം പി.ഒ.സി.യിൽ വച്ചു നടത്തിയ മാട്രിമണി ഡയറക്ടേഴ്സ് മീറ്റിംഗിൽ ഫാമിലി അപ്പോസ്തോലേറ്റ് ഡയറക്ടർ പങ്കെടുത്തു.

**സ്വാഗതം**

പൊൻകുന്നം ഫൊറോനാ ഫാമിലി അപ്പോസ്തോലേറ്റിന്റെ ഡയറക്ടറായി നിയമിതനായ ഫാ. ജോസ് മംഗലത്തിലിനും കുമളി ഫൊറോന ഫാമിലി അപ്പോസ്തോലേറ്റിന്റെ ഡയറക്ടറായി നിയമിതനായ ഫാ. തോമസ് പട്ടരുകാലായ്ക്കും ഹൃദ്യമായ സ്വാഗതം.

രൂപത ഫാമിലി അപ്പോസ്തോലേറ്റിന്റെ പുതിയ റീജന്റായി നിയമിതനായ ബ്രദർ എബ്രാഹം ചക്കാലയ്ക്കലിന് സ്വാഗതം.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ പൊൻകുന്നം ഫൊറോനയിൽ ഫൊറോന ഫാമിലി അപ്പോസ്തോലേറ്റിന്റെ ഡയറക്ടറായി ശുശ്രൂഷ നിർവഹിച്ച ഫാ. വർഗീസ് പൊട്ടുകുളത്തിനും കുമളി ഫൊറോനയിൽ ഫൊറോന ഫാമിലി അപ്പോസ്തോലേറ്റിന്റെ ഡയറക്ടറായി ശുശ്രൂഷ നിർവഹിച്ച ഫാ. തോമസ് തെക്കേലിനും നന്ദി.

കഴിഞ്ഞ ആറു മാസക്കാലം രൂപത ഫാമിലി അപ്പോസ്തോലേറ്റിന്റെ റീജന്റായി ശുശ്രൂഷ ചെയ്ത് ഉപരിപഠനത്തിനായി പോകുന്ന ബ്രദർ എബി നെല്ലിയാനിക്ക് രൂപതാ ഫാമിലി അപ്പോസ്തോലേറ്റിന്റെ ആശംസകൾ.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# പിതൃവേദി

**റിസോഴ്സ് ടീം മീറ്റിംഗ്**

പിതൃവേദി റിസോഴ്സ് ടീം മീറ്റിംഗ് മാർച്ച് 6–ാം തീയതി വൈകുന്നേരം 6 മണി മുതൽ പൊടിമറ്റം നിർമലാ റിന്യൂവൽ സെന്ററിൽ വച്ചും മാർച്ച് 14–ാം തീയതി വൈകുന്നേരം 6 മണി മുതൽ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ചും നടത്തി. ടീം അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**പിതൃവേദി ഉദ്ഘാടനം**

മാർച്ച് 17–ാം തീയതി വെള്ളാരംകുന്ന് സെന്റ് മേരീസ് ഇടവകയിൽ പിതൃവേദി രൂപതാ ഡയറക്ടർ പരിശുദ്ധ കുർബാന അർപ്പിക്കുകയും പിതാക്കന്മാർക്ക് സെമിനാർ നടത്തുകയും, പിതൃവേദിയുടെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും പിതൃവേദി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

**പാത്രിസ് കോർദേ**

മാർച്ച് 18–ാം തീയതി കുടുംബവിശുദ്ധീകരണ വർഷത്തോട് ചേർന്ന് രൂപതയുടെ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായി പിതൃദിനത്തോട് അനുബന്ധിച്ച് രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ യൗസേപ്പ് പവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമവാർഷിക അനുസ്മരണാദിനത്തിൽ പിതാക്കന്മാരുടെ ഇടവകതലത്തിലുള്ള സംഗമമായ പാത്രിസ് കോർദേ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ പവ്വത്തിൽ പിതാവിനെക്കുറിച്ചുള്ള സ്മരണകൾ പങ്കുവച്ചു. ശ്രീ. ബിനോ

പെരുന്തോട്ടം പിതാക്കന്മാരുടെ ദൗത്യത്തെക്കുറിച്ച് ക്ലാസ് നയിച്ചു. പിതൃവേദി രൂപതാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, ആനിമേറ്റർ സി. ജ്യോതി മരിയ, റീജന്റ് ബ്രദർ എബി നെല്ലിയാനി, മറ്റു ഭാരവാഹികൾ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ അനുസ്മരണം**

രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ചങ്ങനാശ്ശേരിയിൽ വച്ച് നടത്തപ്പെട്ട ഒന്നാം ചരമവാർഷിക അനുസ്മരണ ചടങ്ങിൽ രൂപതയിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചു. അന്നേ ദിനം തന്നെ പൊടിമറ്റം നിർമലാ റിന്യൂവൽ സെന്ററിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അനുസ്മരണദിനം വ്യത്യസ്തമായ പരിപാടികളോടെ നടത്തപ്പെട്ടു.

**പിതൃദിനാഘോഷം**

തിരുക്കുടുംബനാഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനം ഈ വർഷം മുതൽ പിതൃദിനമായി നമ്മുടെ രൂപതയിൽ ആചരിക്കുന്നു. പിതൃദിനത്തിൽ ജോസഫ് നാമധാരികളായ എല്ലാവർക്കും പരസ്പരം ആശംസകൾ നേരുകയും ഒപ്പം രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ പിതാവിന് എല്ലാവരും ഒരുമിച്ച് നാമഹേതുകതിരുനാളിന്റെ ആശംസകൾ നേരുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**പ്രചോദിനി**

ഈ വർഷത്തെ പ്രചോദിനി പരിശീലന പ്രോഗ്രാമിന് മാർച്ച് 6 ന് ലോറേഞ്ചിൽ പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ചും, മാർച്ച് 13 ന് ഹൈറേഞ്ചിൽ കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ചും തുടക്കം കുറിച്ചു. പ്രചോദിനി എന്ത്, എന്തിന്, എങ്ങനെ തുടങ്ങിയ വിഷയങ്ങളെ കുറിച്ച് സംസാരിക്കുകയും സംബന്ധിക്കുന്നവർക്ക് വേണ്ട ബോധ്യങ്ങൾ നൽകുകയും ചെയ്തു.

**രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

മാർച്ച് 14-ാം തീയതി രൂപതാ സെക്രട്ടറിയായ മിനി കരിയില കുളത്തിന്റെ ഭവനത്തിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. എല്ലാവരും മീറ്റിംഗിൽ പങ്കെടുത്തു.

**ഫൊറോനാ വാർഷികം**

മാർച്ച് 10-ാം തീയതി പെരുവന്താനം ഇടവകയിൽ വച്ച് നടന്ന മാതൃവേദി പെരുവന്താനം ഫൊറോനയുടെ വാർഷികത്തിൽ ഫൊറോനാ ഡയറക്ടർ ഫാ. മാത്യു വള്ളിപ്പറമ്പിൽ ഏവരേയും സ്വാഗതം ചെയ്തു. ഫൊറോനാ പ്രസിഡന്റ് സിസിലി കണ്ണോത്ത് അദ്ധ്യക്ഷയായിരുന്നു. ഫൊറോനാ വികാരി വെരി റവ. ഫാ. തോമസ് നല്ലൂർകാലായിൽപറമ്പിൽ ഉദ്ഘാടനം നിർവഹിക്കുകയും രൂപതാ മാതൃവേദി ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ മുഖ്യസന്ദേശം നൽകുകയും ചെയ്തു.

## അറിയിപ്പ്

മാതൃവേദിയുടെ സഹമധ്യസ്ഥയായ വി. ജിയന്നായുടെ ദൈവാലയത്തിലേയ്ക്കുള്ള തീർത്ഥാടനം (ചോറ്റുപാറയിലേയ്ക്ക്) ഏപ്രിൽ 27 ന് നടത്തപ്പെടുന്നു. സാധിക്കുന്ന എല്ലാവരും സംബന്ധിക്കുമല്ലോ. ഓരോ ഫൊറോനയിൽ നിന്നും തീർത്ഥാടനത്തിൽ സംബന്ധിക്കുന്നവരുടെ എണ്ണം ഏപ്രിൽ 13 ന് മുമ്പ് രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ നൽകുമല്ലോ.

## ഹായ് പപ്പാ

മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമായിരുന്നു ഹായ് പപ്പാ. ധാരാളം പേർ ഇതിൽ സംബന്ധിച്ചു. ഇതിൽ ആദ്യസമ്മാനങ്ങൾ നേടിയവരുടെ പേര് വിവരങ്ങൾ.

ഒന്നാം സമ്മാനം : വിക്ടോറിയ ലിജോ മോൻസ്, കളപ്പുരയ്ക്കൽ, ഇൻഫന്റ് ജീസസ് ചർച്ച്, സന്യാസിയോട

രണ്ടാം സമ്മാനം : അമ്പ്രോസ് അലക്സ്, ആലയ്ക്കപറമ്പിൽ, സെന്റ് തോമസ് ഫൊറോന ചർച്ച്, കുമളി

മൂന്നാം സമ്മാനം : റോബിൻ മാത്യു, കോഴികൊത്തിക്കൽ, ഇൻഫന്റ് ജീസസ് ഫൊറോന ചർച്ച്, റാന്നി

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

മാർച്ച് 2024

01 +1, +2 ബാച്ചുകളിലെ വൈദികവിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി പരീക്ഷകൾ ആരംഭിച്ചു.

04-15 ഓറിയന്റേഷൻ ഒന്നും രണ്ടും ബാച്ചുകാരുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ

16-17 മാർച്ച് മാസത്തെ മാസധ്യാനചിന്തകൾ ഫാ. ഡോ. എബ്രാഹം കൊറ്റനല്ലൂർ CST നല്കി.

17 ഈ വർഷം മേജർ സെമിനാരി പരിശീലനത്തിനായി പോകുന്ന നാലാംവർഷ വൈദികവിദ്യാർത്ഥികൾക്കും ഈ അദ്ധ്യയന വർഷം മൈനർ സെമിനാരിയിൽ റീജൻസി പൂർത്തിയാക്കിയ ബ്രദർ ജോസഫ് വടക്കേടത്ത്, ബ്രദർ ഫിലിപ്പ് തൂങ്ങൻപറമ്പിൽ എന്നിവർക്കും യാത്രയയപ്പ് നല്കി.

17-18 മേജർ സെമിനാരിക്കാരുടെ അഭിവന്ദ്യ പിതാവുമായുള്ള പേഴ്സണൽ കോൺഫ്രൻസ് മൈനർ സെമിനാരിയിൽ വച്ച് നടത്തി.

18 രൂപതാ പ്രോട്ടോസിഞ്ചെല്ലൂസും സെമിനാരിക്കാരുടെ പ്രത്യേക ചുമതലയുള്ള വികാരി ജനറാളുമായ പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റത്തച്ചന്റെ നാമഹേതുകത്തിരുനാൾ മൈനർ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു.

19 യൗസേപ്പ് നാമധാരിയായ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് റെക്ടർ പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കൊല്ലംകുന്നേലച്ചൻ അഭിവന്ദ്യ പിതാവിനും യൗസേപ്പ് നാമധാരികളായ ബ്രദേഴ്സിനും സെമിനാരി കുടുംബത്തിന്റെ പേരിൽ ആശംസകളർപ്പിച്ച് തിരുനാൾ ആഘോഷിച്ചു.

– വൈദികവിദ്യാർത്ഥികളുടെ മധ്യവേനൽ അവധി ആരംഭിച്ചു.

22-23 22-ാം തീയതി ഡീക്കൻപട്ടത്തിനും ചെറുപട്ടങ്ങൾക്കും ഒരുക്കമായുള്ള ഏകദിനധ്യാനവും 23-ാം തീയതി ഡീക്കൻപട്ടത്തിന്റെയും ചെറുപട്ടങ്ങളുടെയും പരികർമ്മവും നടത്തപ്പെട്ടു. രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് മുഖ്യകാർമ്മികനായിരുന്നു. ഫാ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ ധ്യാനം നയിച്ചു.

26 +1, +2 ബാച്ചുകളിലെ വൈദികവിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി പരീക്ഷകൾ അവസാനിച്ചു.

**താബോർ 2K24 : ദൈവവിളിക്യാമ്പ്**

2024-25 അധ്യയനവർഷം കാഞ്ഞിരപ്പള്ളി രൂപതാ മൈനർ സെമിനാരിയിലോ മറ്റ് സെമിനാരികളിലോ ചേർന്ന് വൈദിക പരിശീലനം ആരംഭിക്കാൻ ആഗ്രഹിക്കുന്ന 10, +2, ഡിഗ്രി, P.G. കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദൈവവിളി ക്യാമ്പ് 2024 ഏപ്രിൽ 8 തിങ്കളാഴ്ച വൈകുന്നേരം 4 മണി മുതൽ 11 വ്യാഴാഴ്ച രാവിലെ 9 വരെ നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. താല്പര്യവും യോഗ്യതയുമുള്ളവരെ ക്യാമ്പിന് പറഞ്ഞയയ്ക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസില്ല. മറ്റു ക്ലാസുകളിലോ കോഴ്സുകളിലോ പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിന് അയയ്ക്കരുത് എന്നറിയിക്കുന്നു. 2024 – 25 വർഷം സെമിനാരിയിൽ ചേരാനുള്ളവരെ മാത്രമേ ക്യാമ്പിന് അയയ്ക്കാവൂ.

**നന്ദി ... പ്രാർത്ഥനാശംസകൾ**

കഴിഞ്ഞ 6 മാസക്കാലം മൈനർ സെമിനാരിയിൽ റീജന്റായി സേവനം ചെയ്ത ബ്രദർ ഫിലിപ്പ് (ആൽബിൻ) തൂങ്ങംപറമ്പിലിന് സെമിനാരി കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- ഇരിഞ്ഞാലക്കുട രൂപതയിലെ 2 സിസ്റ്റേഴ്സിന്റെ ഒരു ആഴ്ചത്തെ ധ്യാനം
- ഒരു വൈദികന്റെ ഒരു മാസത്തെ ധ്യാനം
- ഭദ്രാവതി രൂപതയിലെ ഒരു വൈദികന്റെ 3 ആഴ്ചത്തെ ധ്യാനം
- ഒരു വൈദികന്റെ 5 ദിവസത്തെ ധ്യാനം
- അഞ്ച് എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ 4 ദിവസത്തെ ധ്യാനം
- കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ടുപേരുടെ 3 ആഴ്ചത്തെ ധ്യാനം
- രണ്ടുപേരുടെ 3 ആഴ്ചത്തെ ധ്യാനം
- നാലു പേരുടെ 3 ആഴ്ചത്തെ ധ്യാനം
- ഒരു സി.എം.ഐ. വൈദികന്റെ 3 ദിവസത്തെ ധ്യാനം
- ഒരു കുടുംബത്തിന്റെ 4 ദിവസത്തെ ധ്യാനം
- ഇരുപത്തിയഞ്ച് പേരുടെ നസ്രാണി മാർഗം കൂട്ടായ്മയുടെ 1 ദിവസത്തെ ചർച്ചാക്ലാസ്

**ഫാ. സേവ്യർ കൂടപ്പുഴ**

Ph : 04869-299207

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

- നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ വച്ച് 2024 ഏപ്രിൽ 5-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ 9-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിവരെ ഉയിർപ്പുകാല ആരാധനക്രമാധിഷ്ഠിതധ്യാനം നടത്തപ്പെടുന്നു. സഭയെ ക്കുറിച്ചും സഭയുടെ ആരാധനക്രമത്തിന്റെ വിവിധ ഘടകങ്ങളെ ക്കുറിച്ചുമുള്ള അടിസ്ഥാന ബോദ്ധ്യങ്ങൾ രൂപപ്പെടുത്താനും സഭാത്മകമായ ആത്മീയജീവിതം പരിശീലിക്കാനും അവസരം ലഭിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക

പേര് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക:

ഫാ. ജയിംസ് ചവറപ്പുഴ, Ph: 9447 3124 44

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, Ph: 9447 3679 25

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

എല്ലാ മാസവും ആദ്യചൊവ്വാഴ്ച നടത്തപ്പെടുന്ന സോണൽ സേവനസമിതി 05-03-2024 ൽ പഴയകൊരട്ടി ആവേ മരിയായിൽ രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിയോടുകൂടി അവസാനിച്ചു. പ്രാർത്ഥനയ്ക്കുശേഷം കോർഡിനേറ്റർ സ്വാഗതവും, സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ കണക്കും അവതരിപ്പിച്ചു. തുടർന്ന് ചർച്ചകൾ നടത്തുകയും ചെയ്തു.

**ജൂബിലേവൂസ് 2026 - സഹസ്രദിന ഒരുക്കപ്രാർത്ഥന**

കേരള കാത്തലിക്ക് കരിസ്മാറ്റിക് റിന്യൂവൽ ഗോൾഡൻ ജൂബിലിക്ക് ഒരുക്കമായി നടക്കുന്ന സഹസ്രദിന ഒരുക്കപ്രാർത്ഥന 2024 മാർച്ച് 8-ാം തീയതി പഴയകൊരട്ടി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മുൻ കാഞ്ഞിരപ്പള്ളി സോൺ ഡയറക്ടർ ഫാ. ജോൺ പൊരുന്നോലിൽ ജൂബിലി തിരി തെളിച്ചുകൊണ്ട് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ മൂന്നാമത്തെ ക്ലാസ് 2024 മാർച്ച് 16-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അടുത്ത ക്ലാസ് 20-04-2024 ൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ.

**ആവേ മരിയാ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേമരിയാ പ്രാർത്ഥനാലയത്തിൽ 08/03/2024 ആദ്യവെള്ളിയാഴ്ച നടന്ന ഏകദിനധ്യാനത്തിൽ മുൻ ആവേ മരിയ ഡയറക്ടർ ഫാ. ജോൺ പൊരുന്നോലിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നല്കി. 2024 മാർച്ച്

മാസത്തെ വെള്ളിയാഴ്ച ശുശ്രൂഷകൾക്ക് പൊൻകുന്നം സബ്സോൺ നേതൃത്വം നൽകി.

**മദ്ധ്യസ്ഥ പ്രാർത്ഥന**

കുന്നുംഭാഗം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ മാസത്തിലെ എല്ലാ ചൊവ്വാഴ്ച തോറും മദ്ധ്യസ്ഥപ്രാർത്ഥന സബ്സോണുകളുടെ പങ്കാളിത്ത്വത്തോടെ നടത്തിവരുന്നു. എല്ലാ ഞായറാഴ്ചകളിലും ദേശീയതല മലയാള പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥനയിൽ മിനിസ്ട്രി പങ്കെടുത്തുകൊണ്ടിരിക്കുന്നു. കെ.സി.ബി.സി. ആഹ്വാനം ചെയ്ത ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനയിൽ മാർച്ച് 22-ാം തീയതി കാഞ്ഞിരപ്പള്ളിസോൺ സംബന്ധിച്ചിരുന്നു.

**കുരിശിന്റെ വഴി ശുശ്രൂഷ**

അൻപതു നോമ്പിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കുരിശിന്റെ വഴി പ്രാർത്ഥന വിവിധ സബ്സോൺ തലത്തിൽ നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി സബ്സോൺ 15.03.2024 ൽ വെളിച്ചിയാനി ഫൊറോനയിൽ നിന്നും 31-ാം മൈൽ സെന്റ് ജോൺ പോൾ II$^{nd}$ ദൈവാലയത്തിലേയ്ക്കും മുണ്ടക്കയം സബ്സോൺ വ്യാകുലമാതാ ഫൊറോനാ പള്ളിയിൽ നിന്നും മുണ്ടക്കയം ക്രിസ്തുരാജ് മൗണ്ടിലേയ്ക്കും കുരിശിന്റെ വഴി പ്രാർത്ഥന നടത്തി. നാല്പതാംവെള്ളി ആചരണത്തോടനുബന്ധിച്ച് പഴയകൊരട്ടി ഗ്രോട്ടോയിൽ നിന്നും ആവേ മരിയായിലേയ്ക്കും മണിപ്പുഴ ദൈവാലയത്തിൽനിന്നും എരുത്വാപ്പുഴ ദൈവാലയത്തിലേയ്ക്കും എരുമേലി സബ്സോണിന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴി ശുശ്രൂഷ നടത്തി.

**അനുസ്മരണ സിമ്പോസിയം**

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ 2024 മാർച്ച് 18-ാം തീയതി നടത്തിയ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ ഒന്നാം ചരമവാർഷികാചരണത്തിലും സിമ്പോസിയത്തിലും കരിസ്മാറ്റിക് കുടുംബത്തിൽനിന്നും 2 പേർ പ്രതിനിധികളായി സംബന്ധിച്ച് പ്രാർത്ഥനയിൽ പങ്കെടുത്തു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**

**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

അണക്കര മരിയൻ ധ്യാന കേന്ദ്രത്തിൽ 2024 മാർച്ച് രണ്ടിന് രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളമ്മനാൽ അച്ചൻ വിശുദ്ധ കുർബാനക്കും ശുശ്രുഷകൾക്കും നേതൃത്വം നൽകി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ തോമസ് അറക്കൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**വൈദികർക്കായുള്ള റെസിഡൻഷ്യൽ റിട്രീറ്റ്**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2024 മാർച്ച് മൂന്ന് ഞായറാഴ്ച്ച വൈകുന്നേരം 5 മുതൽ എട്ട് വെള്ളിയാഴ്ച്ച രാവിലെ 9 വരെ ബഹു. വൈദികർക്ക് മാത്രമായി താമസിച്ചുള്ള ധ്യാനം നടത്തി.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

2024 മാർച്ച് 17 ഞായറാഴ്ച മുതൽ 22 വെള്ളിയാഴ്ച്ച വരെ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനം നടന്നു.

2024 മാർച്ച് 31 ഞായറാഴ്ച മുതൽ ഏപ്രിൽ 5 വെള്ളിയാഴ്ച്ച വരെ മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനം നടക്കും.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

വരാപ്പുഴ അതിരുപതയുടെ നേതൃത്വത്തിൽ 2024 മാർച്ച് 13 ബുധനാഴ്ച മുതൽ 17 ഞായർ വരെ മൂക്കന്നൂർ - യൂദാപുരം 'കൃപാഭിഷേകം' ബൈബിൾ കൺവെൻഷൻ നടന്നു. അങ്കമാലി – മൂക്കന്നൂർ CST ആശ്രമം ഗ്രൗണ്ടിൽ നടന്ന ബൈബിൾ

കൺവെൻഷനിൽ പതിനായിരങ്ങൾ പങ്കെടുത്തു. വരാപ്പുഴ അതിരുപതാ ആർച്ചു ബിഷപ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ഡൊമിനിക് വാളന്മനാൽ 'കൃപാഭിഷേകം' ബൈബിൾ കൺവെൻഷന് നേതൃത്വം നൽകി.

**കൃപാബാല്യം രണ്ടാംശനി കൺവെൻഷൻ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2024 മാർച്ച് മാസം 9 ശനിയാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ കുട്ടികൾക്കായി കൃപാബാല്യം ബൈബിൾ കൺവെൻഷൻ നടത്തി

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

2024 ജനുവരി 09, 16, 23, 30 തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ ബന്ധപ്പെടുന്നതിനു സൗകര്യം ഉണ്ട്. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

## Resurrection

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക്

വാളന്മനാൽ അച്ചൻ FrDominic valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രുഷകൾ**

**യുവജനങ്ങൾക്കായുള്ള (Youth) റെസിഡൻഷ്യൽ റിട്രീറ്റ്**

അണക്കര മരിയൻ ധ്യാന കേന്ദ്രത്തിൽ 2024 ഏപ്രിൽ മാസം 6 ന് ശനിയാഴ്ച്ച മുതൽ 10 ബുധനാഴ്ച വരെ യുവജനങ്ങൾക്ക് മാത്രമായി താമസിച്ചുള്ള ധ്യാനം നടത്തും.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

2024 ഏപ്രിൽ 13 ശനിയാഴ്ച്ച മുതൽ 18 വ്യാഴാഴ്ച്ച വരെ. Booking Date: 25th March കൃപനുഭവ ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

തിരുവനന്തപുരം അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2024 ഏപ്രിൽ 27 ശനിയാഴ്ച മുതൽ മെയ് ഒന്ന് ഞായർ വരെ തിരുവനന്തപുരം-വെട്ടുകാട് 'കൃപാഭിഷേകം' ബൈബിൾ കൺവെൻഷൻ നടക്കും. തിരുവനന്തപുരം, വെട്ടുകാട് മദർ ഓഫ് ഗോഡ് തീർത്ഥാടന കേന്ദ്രത്തിൽ വച്ച് നടക്കുന്ന കൺവെൻഷന് റവ. ഫാ. ഡൊമിനിക് വാളന്മനാൽ നേതൃത്വം നൽകും.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- മാർച്ച് 4-8 വരെ കൽത്തൊട്ടി ഇടവകയിൽ SH, FCC സന്യാസി നിമാരോടൊപ്പം ഹോംമിഷൻ നടത്തി.

- അമല സോഷ്യൽ സർവീസ് സെന്ററിന്റെയും സുസ്ഥിതി ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ 2024 മാർച്ച് 8-ാം തീയതി ലോക അന്താരാഷ്ട്ര വനിതാ ദിനം പ്രമാണിച്ചുള്ള ആഘോഷം കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ചു നടത്തി. ഇടുക്കി ജില്ലാ കളക്ടർ ഡോ. ഷീലാ IAS ഉദ്ഘാടനം നടത്തി. സ്ത്രീകളുടെയും കുട്ടികളുടെയും രൂപീകരണം അമ്മമാരിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നും തങ്ങളുടെ കഴിവുകൾ മനസ്സിലാക്കി സമൂഹ നന്മയ്ക്കു വേണ്ടി പ്രവർത്തന നിരതരാകണമെന്നും ഓർമിപ്പിച്ചു. പ്രോഗ്രാം അദ്ധ്യക്ഷ വികർ പ്രോവിൻഷ്യൽ സിസ്റ്റർ വിനയ ഗ്രേസ് സന്ദേശം നൽകി. സ്ഥാപക പിതാവായ ചാവറ പിതാവ് CMC മക്കളെ ഭരമേൽപ്പിച്ച കാര്യങ്ങളാണ് സുസ്ഥിതി ഗ്രൂപ്പിലൂടെ ഇന്ന് സി.എം.സി സിസ്റ്റേഴ്സ് ചെയ്തു കൊണ്ടിരിക്കുന്നത്. ദീപിക ജനറൽ മാനേജർ ഫാദർ ജിനോ പുന്നമറ്റം മുഖ്യ പ്രഭാഷണം നടത്തി. കട്ടപ്പന സെന്റ് ജോർജ് ഫൊറോന വികാരി ഫാദർ ജോസ് പറപ്പള്ളിയും, അമല സർവീസ് സെന്ററിന്റെ ബോർഡ് മെമ്പറും മുൻസിപ്പൽ വാർഡു മെമ്പറുമായ അഡ്വക്കേറ്റ് ബെന്നി സാറും ആശംസകൾ അറിയിച്ചു. അമ്മമാർ ഇന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രത്യേകം എടുത്തു പറഞ്ഞു. കോടതിയിൽ വരുന്ന കേസുകളുടെ വെളിച്ചത്തിൽ സന്ധ്യാ പ്രാർത്ഥനയും ഒരുമിച്ചുള്ള സംസാരങ്ങളും കുടുംബത്തിൽ നിലനിർത്തണമെന്ന് ഓർമ്മപ്പെടുത്തി. തുടർന്ന് മരിയൻ കൗൺസിലിംഗ്

സെന്റർ പ്രോജക്ട് ഓഫീസർ പേളി മരിയ റിപ്പോർട്ട് അവതരണം നടത്തി. തുടർന്ന് സുസ്ഥിതി അംഗങ്ങളുടെ കലാപരിപാടികളും നടത്തപ്പെട്ടു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷമായി സുസ്ഥിതി അംഗങ്ങൾ നടത്തിവരുന്ന പച്ചപ്പ് എന്ന പ്രോജക്ടിന്റെ വിലയിരുത്തലിന്റെ സമ്മാനങ്ങളും, ഒരു വർഷമായി നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങളും നല്കപ്പെട്ടു. എല്ലാവർക്കും ഉച്ച ഭക്ഷണം നൽകി.

- മാർച്ച് 9 ന് -1999-2012 ബാച്ചുകാരുടെ ഒത്തുചേരൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- മാർച്ച് 9,16 തീയതികളിൽ നിർമ്മലാ തീയോളജിക്കൽ കോളേജിൽ വച്ച് നടന്ന സിസ്റ്റേഴ്സിന്റെ ബാച്ച് സമ്മേളന ത്തിലും റവ.ഡോ. കുര്യൻ താമരശ്ശേരി നയിച്ച ക്ലാസ്സിലും 24 സിസ്റ്റേഴ്സ് പങ്കെടുത്തു.
- 12 മുതൽ 14 വരെ അഴങ്ങാട് ഇടവകയിൽ ഹോംമിഷൻ നടത്തി.
- 14 മുതൽ 18 വരെ സുപ്പീരിയ ജനറൽ സിസ്റ്റർ ഗ്രേസ് തെരേസ് ചാമംപതാൽ നോവിഷ്യറ്റ് ഹൗസിൽ കാനോനിക സന്ദർശനം നടത്തി
- 18 മുതൽ 20 വരെ പാമ്പാടുംപാറ ഇടവകയിൽ ഹോംമിഷൻ നടത്തി.
- രൂപതാ കേന്ദ്രത്തിൽ വച്ചു നടത്തിയ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷ ത്തിൽ സി. വിനയ ഗ്രയ്സും, സി.പ്രസൂനയും പങ്കെടുത്ത് ആശംസകൾ നേർന്നു.
- 18-ാം തീയതി ചങ്ങനാശ്ശേരിയിൽ നടന്ന മാർ ജോസഫ് പൗവ്വത്തിൽ അനുസ്മരണ സിമ്പോസിയം, വിശുദ്ധ കുർബാന എന്നിവയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- 22-ാം തീയതി പൊടിമറ്റം ഇടവകയിലെ മാർ അപ്രേം കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള നാല്പതാം വെള്ളി ആചരണത്തിന്റെ ഭാഗമായി നടത്തിയ കുരിശിന്റെ വഴിയിലും

നേർച്ച ഭക്ഷണത്തിലും സിസ്‌റ്റേഴ്‌സ് പങ്കെടുത്തു. സി. സിയന്ന 40-ാം വെള്ളിയുടെ സന്ദേശം നല്കി.

- ശമറായ ധ്വനി - യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനു ബന്ധിച്ച് സി.എം.സി സിസ്റ്റേഴ്‌സ് ഉള്ള ഇടവകയിലെ പാവപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് വീതം ഭക്ഷണവും ചികിത്സാസഹായവും എത്തിച്ചു നൽകി.
- മരിയൻ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ ഫ്രീ ഹാൻഡ് എംബ്രോയ്ഡറി പഠന പരിശീലനം മൂന്നു മാസം കൊണ്ട് 20 സ്ത്രീകൾ പൂർത്തിയാക്കി, ഗവൺമെന്റ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി.
- 22-ാം തീയതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നൈറ്റ് വിജിൽ നടത്തി. ഫാ തോമസ് നരിപ്പാറ നേതൃത്വം നൽകി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷന്റെ സഹകരണത്തോടെ പൊടിമറ്റം അസ്സീസി തുടർ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പൊടിമറ്റം, അണക്കര, കണമല എന്നീ സ്ഥലങ്ങളിലായി 50 ലാപ്ടോപ്പും, 260 തയ്യൽ മെഷീനുകളും വിതരണം ചെയ്തു.
- കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ ആനിമേഷന്റെയും, സി.ആർ.ഐ യുടെയും ആഭിമുഖ്യത്തിൽ നിർമ്മല തിയോളജിക്കൽ കോളേജിൽ വച്ച് നടത്തിയ വെരി. റവ ഫാ. കുര്യൻ താമരശ്ശേരിയുടെ ക്ലാസ്സിൽ 40 സിസ്റ്റേഴ്‌സ് സംബന്ധിച്ചു.
- 1987 മുതൽ 1997 വരെ വ്രതവാഗ്ദാനം ചെയ്ത സിസ്റ്റേഴ്‌സിനായി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ കോഴ്‌സിൽ റവ.ഫാ. തോമസ് കൊട്ടൂപ്പള്ളിൽ എം.സി.ബി.സ്, ഫിസിയോതെറാപ്പിസ്റ്റ് ബിബി എന്നിവർ ക്ലാസെടുത്തു

- കൽത്തൊട്ടി ഇടവകയിൽ ഹോം മിഷന് സഹായിച്ചു.

- ജനറലേറ്റിൽ നിന്നും പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിലും ഓൺലൈൻ ക്ലാസിലും എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.

- എരുമേലി സെന്റ് തോമസ് എൽ.പി. സ്കൂളിന്റെ വാർഷിക ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. അമല പങ്കെടുത്ത് ആശംസകൾ നേർന്നു.

- അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ഒന്നാം ചരമവാർഷികാചരണത്തിലും, അനുസ്മരണ സിമ്പോസിയത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ സി. അമലയും സിസ്റ്റേഴ്സും പങ്കെടുത്തു.

- പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തിയ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെയും, പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ.ഫാ. ജോസഫ് വെള്ളമറ്റത്തിന്റെയും നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. അലയും സി. റാണി ജോസും പങ്കെടുത്തു.

- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജേഷ്ഠ സഹോദരൻ ശ്രീ. മത്തായി വർക്കിക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

- കൊച്ചറ ഇടവകയിൽ SCJG സന്യാസിനിമാരോടൊപ്പം ഹോം മിഷൻ നടത്തി.

- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ റവ. ഫാ. നിക്സൺ സി.എം.ഐ. ക്ലാസ് നയിച്ചു.
- നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. തോമസ് ഈറ്റോലിൽ അച്ചന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും മൃതസംസ്ക്കാരശുശ്രൂഷയിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിക്കുകയും ചെയ്തു.
- പാലക്കാട് വച്ച് നടത്തപ്പെട്ട GPT മീറ്റിംഗ്, ചങ്ങനാശ്ശേരി വികാസിൽ സമ്മേളിച്ച Founders' Cause കമ്മിറ്റി മീറ്റിംഗ് എന്നിവയിൽ വികർ പ്രൊവിൻഷ്യൽ റവ. സി. റോസ് മാവേലിക്കുന്നേലും സിസ്റ്റേഴ്സും പങ്കെടുത്തു.
- പൊടിമറ്റം നിർമ്മല തിയോളജി കോളേജിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ഏകദിന സെമിനാറുകളിൽ സിസ്റ്റേഴ്സ് ബാച്ച് അടിസ്ഥാനത്തിൽ പങ്കെടുത്തു.
- നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട കപ്പാട് മഠാംഗം ബഹു. സി. ക്രിസാലഗോസ് കല്ലറയ്ക്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ പൊൻകുന്നം തിരുക്കുടുംബ ഫൊറോനാ ദൈവാലയത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വെള്ളമറ്റത്തിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.
- കാഞ്ഞിരപ്പള്ളി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ മണിപ്പുഴ, തുലാപ്പള്ളി ഇടവകകളിൽ ഹോം മിഷൻ നടത്തി.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുക തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ കൃതജ്ഞതാബലിയോടെ ആഘോഷിച്ചു.

- കാലം ചെയ്ത അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമ വാർഷികാചരണത്തിലും അനുസ്മരണ സിമ്പോസിയത്തിലും ബഹു. പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.
- പുതിയതായി നിർമ്മിച്ച ചെറുവള്ളി നിർമൽ മാതാ ആരാധനാ മഠത്തിന്റെ കൂദാശാകർമ്മം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- മാർച്ച് 11 മുതൽ 15 വരെ സെൻകുളം ആവില റിന്യൂവൽ സെന്ററിൽ വച്ച് മേജർ സുപ്പീരിയേഴ്സിനുവേണ്ടി നടത്തിയ Ignate, Inspire, Empower സുപ്പീരിയർ ജനറൽ റവ. സി. നിർമ്മലയും ജനറൽ കൗൺസിലേഴ്സ് സി. ലീമ, സി. ലിസ എന്നിവരും സംബന്ധിച്ചു.
- മാർച്ച് 18 ന് സുപ്പീരിയർ ജനറൽ സി. നിർമ്മലയും ജനറൽ കൗൺസിലർ സി. ലീമായും മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനെ സന്ദർശിച്ച് ആശംസകൾ നേർന്നു.
- ദൈവദാസൻ ഫാ. ബ്രൂണോ CMI യുടെ നാമകരണ നടപടി ക്രമങ്ങൾക്കായുള്ള എപ്പിസ്കോപ്പൽ ഡലഗേറ്റ് റവ. ഫാ. ജോസഫ് കടുപ്പിൽ, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് കൊല്ലംപറമ്പിൽ CMI എന്നിവർ നാമകരണ പരിപാടികളോട് അനുബന്ധിച്ചുള്ള കോടതി നടപടിക്രമങ്ങളെ കുറിച്ച് സുപ്പീരിയർ ജനറൽ റവ. സി. നിർമ്മലയുമായി ചർച്ച നടത്തി.
- മാർച്ച് 19ന് കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കലിനെ സന്ദർശിച്ച് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തിയ ഫീസ്റ്റ് ആഘോഷത്തിൽ സംബന്ധിക്കുകയും ചെയ്തു.
- മാർച്ച് 17 മുതൽ 22 വരെ കൊച്ചറ ഇടവകയിൽ നടത്തിയ ഹോംമിഷനിൽ 6 സിസ്റ്റേഴ്സ് പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുകതിരുനാൾ ആഘോഷത്തിൽ സി. മേരി ഫിലിപ്പ്, സി. ആനി ജോൺ എന്നിവർ സംബന്ധിച്ചു.
- ബഹുമാനപ്പെട്ട വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റത്തിന് നാമഹേതുകതിരുനാൾ മംഗളങ്ങൾ ആശംസിച്ചു.
- ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന സിമ്പോസിയത്തിലും വിശുദ്ധ കുർബാനയിലും സി. മേരി ഫിലിപ്പും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു.
- കമ്പംമെട്ട് മഡോണ എൽ.പി. സ്കൂളിന്റെ വാർഷികത്തിൽ സി. മേരി ഫിലിപ്പ്, സി. അൻസാ എന്നിവർ പങ്കെടുത്തു. സി. മേരി ഫിലിപ്പ് അധ്യക്ഷത വഹിച്ചു.
- കൂവപ്പള്ളി ലിറ്റിൽ ഫ്ളവർ നേഴ്സറി സ്കൂളിലെ യു.കെ.ജി. കുട്ടികളുടെ ഫെയർ വെൽ ഡേ ആഘോഷത്തിൽ സി. മേരി ഫിലിപ്പ് പങ്കെടുത്തു.
- കൂവപ്പള്ളി ലിറ്റിൽ ഫ്ളവർ നേഴ്സറി സ്കൂളിന്റെ വാർഷികത്തിൽ സി. ആനി ജോൺ അധ്യക്ഷത വഹിച്ചു.
- മേലോരം എസ്.എം.ജി.യു.പി. സ്കൂളിന്റെ വാർഷികത്തിൽ സി. അൻസായും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു. സി. അൻസാ തുണ്ടിയിൽ അധ്യക്ഷത വഹിച്ചു.
- ബഹുമാനപ്പെട്ട സി. എസ്പിരിറ്റ് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. വിശുദ്ധ കുർബാനയ്ക്ക് റവ. ഫാ. സെബാസ്റ്റ്യൻ പുത്തൂർ, റവ. ഫാ. തോമസ് പൂവത്താനിക്കുന്നേൽ, റവ. ഫാ.

ആൻവിൻ കൊട്ടാരത്തിൽ, റവ. ഫാ. മാത്യു വാലുമണ്ണേൽ എന്നിവർ കാർമ്മികത്വം വഹിച്ചു. കൂവപ്പള്ളി സെന്റ് ജോസഫ് ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

- കോയമ്പത്തൂരിൽ വച്ച് നടന്ന സി. എൽസിൻ ചക്കാലയുടെ ഓപ്പൺ ഡിഫൻസ് സി. മേരി ഫിലിപ്പ്, സി. ലിസ്ബത്ത്, സി. അന്നാ മരിയ എന്നിവർ പങ്കെടുത്തു. കമ്പ്യൂട്ടർ സയൻസിൽ Secured Data Sharing in Cloud എന്ന വിഷയത്തിൽ ഗവേഷണത്തിന് കോയമ്പത്തൂർ Bharathiar University യിൽ നിന്നും സി. എൽസിൻ PhD നേടി.
- പ്രൊവിൻഷ്യൽ ടീം കമ്പം മിഷൻ സന്ദർശിച്ചു.
- ലഹരിവിമുക്ത കൂട്ടായ്മ എല്ലാ ഞായറാഴ്ചയും പൊടിമറ്റത്ത് വച്ച് നടത്തപ്പെടുന്നു.
- വിമൽ ജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വാർഷിക സമ്മേളനം പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മേരി ഫിലിപ്പിന്റെ അധ്യക്ഷതയിൽ 02/03/2024 ൽ പൊടിമറ്റത്ത് വച്ച് നടത്തി. ബഹുമാനപ്പെട്ട ഫാ. സജി പൂവത്തുകാട് ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് കൗൺസിലർ സി. ലിസ്ബത്ത് എസ്.എച്ച്. റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി.
- തണൽ പദ്ധതിയിൽ ഉൾപ്പെടുത്തി പാറത്തോട്ടിൽ ഒരു ഭവനത്തിന്റെയും പുഞ്ചവയലിൽ ഒരു ഭവനത്തിന്റെയും അറ്റകുറ്റപ്പണികൾ തീർത്തു വാസയോഗ്യമാക്കി നൽകി.
- കാരുണ്യഭവൻ പദ്ധതിയുടെ ഭാഗമായി പുല്ലാനിതകിടി ഇടവകയിലും, കമ്പംമെട്ട് ഇടവകയിലും ഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചു.
- അംബർനാഥ്, കൽത്തൊട്ടി ഇടവകകളിൽ ഹോം മിഷൻ നടത്തി.

- സുപ്പീരിയേഴ്സ് മീറ്റ് പ്രോവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- നിർമ്മല തിയോളജിക്കൽ കോളേജിൽ വച്ച് നടത്തിയ ബാച്ച് മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കുളത്തുവയൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം പ്രോവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. 52 സിസ്റ്റേഴ്സ് ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനത്തിന്റെ ആരംഭത്തിൽ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുതുപ്പറമ്പിൽ അച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.
- ഇളങ്ങുളം സെന്റ് മേരീസ് സൺഡേസ്കൂൾ കുട്ടികൾക്കായി സി. റാണിറ്റ്, സി. മരിയ ഫിലിപ്പ്, സി. റിയ തെരേസ്, സി. ലിന്റാ ആൻ ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ സെമിനാർ നടത്തി.
- ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ബ്രദേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ വരികയും പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു.
- പൊടിമറ്റം സെന്റ് ജോസഫ് എൽ.പി. സ്കൂൾ വാർഷികത്തിൽ സി. അലീന അനുഗ്രഹ പ്രഭാഷണം നടത്തി.
- കണയങ്കവയൽ ഇടവകയിലെ 5, 9 ക്ലാസിലെ കുട്ടികൾക്ക് സിസ്റ്റർ അലീന സുറിയാനി ക്ലാസെടുത്തു.
- സി. ലിസ്ജോ, സി. ക്രിസ്റ്റി എന്നിവർ ജൂനിയറേറ്റ് പൂർത്തിയാക്കി തിരിച്ചു വന്നു.

# കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്

കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപക തസ്തികകളിൽ നിയമിക്കപ്പെടുന്നതിന്, കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായവരും, നിർദ്ദിഷ്ടയോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകർ നിർദ്ദിഷ്ട യോഗ്യതാ സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവരായിരിക്കണം.

കോർപ്പറേറ്റ് മാനേജ്മെന്റ് ആഫീസിൽനിന്നും ലഭിക്കുന്ന അപേക്ഷാഫാറം പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതം നിശ്ചിതതീയതിക്കുമുമ്പ് ഈ ആഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ച് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും ക്രമപ്രകാരം താല്ക്കാലികനിയമനങ്ങളിലേയ്ക്കും തുടർന്ന് സ്ഥിരനിയമനങ്ങളിലേക്കും പരിഗണിക്കുന്നതാണ്.

അപേക്ഷാഫാറം 2024 ഏപ്രിൽ 3-ാം തീയതി മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ തിരികെ ലഭിക്കേണ്ട അവസാന തീയതി 2024 ഏപ്രിൽ 22.

എഴുത്തുപരീക്ഷ 2024 മെയ് 3 വെള്ളിയാഴ്ചയായിരിക്കും നടത്തപ്പെടുക. അഭിമുഖത്തിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കും.

*ഒഴിവു വരുന്ന അധ്യാപക തസ്തികകൾ*

1. LP School Teacher (LPST)

: മിനിമം യോഗ്യത (TTC, DEd, D.El.Ed) യ്ക്കുപുറമേ K-TET I/ K-TETII/C-TET യോഗ്യത നേടിയിരിക്കണം.

→

# കെ.സി.എസ്.എൽ.

- KCSL - ൽ കഴിഞ്ഞ 6 മാസം റീജെന്റായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്ന ബ്രദർ സിജോ വടക്കേടത്തിന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.
- വ്യക്തിത്വ വികസന ക്യാമ്പ് : ഏപ്രിൽ 23, 24, 25 തീയതികളിൽ പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് 6-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കായി വ്യക്തിത്വ വികസന ക്യാമ്പ് നടത്തപ്പെടുന്നു. 900 രൂപ ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. ജിജി മാരിയോ ആണ് ക്യാമ്പ് നയിക്കുന്നത്.
- KCSL-ന്റെ പുതിയ റീജന്റായി കടന്നു വന്നിരിക്കുന്ന റ്റോബിൻ ഏറത്തുകുന്നേലിന് KCSL കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

---

## കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്

ഹിന്ദി ടീച്ചർ

: മിനിമം യോഗ്യത : Degree in Hindi / Praveen of the Dakshin Bharatha Hindi Pracharasabha / Sahithya Acharya + BEd/ Hindi Siksha Praveen / Acharya / Diploma in Hindi / Hindi Sikshan Parangath / Hindi Sikshan Nishnat + TET/SET/NET/MEd/Mphil/PhD

കൂടുതൽ വിവരങ്ങൾക്ക് 04828 205974

**ഫാ. ഡോമിനിക് അയലൂപറമ്പിൽ**
**കോർപ്പറേറ്റ് മാനേജർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

## പുതിയ യൂണിറ്റുകൾ രൂപീകരിച്ചു

വെച്ചൂച്ചിറ സെന്റ് ജോസഫ്സ് ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. ജേക്കബ് പാണ്ടി യാംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, യൂണിറ്റ് പ്രസിഡന്റ് എം.സി. തോമസ് മുഞ്ഞനാട്ട് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി എം.സി. തോമസ് മുഞ്ഞനാട്ട് (പ്രസിഡന്റ്), ലിനോജ് കണയങ്കൽ (സെക്രട്ടറി), ഡോമിനിക് നിരപ്പേൽ (ട്രഷറർ), റോസമ്മ ജോസഫ് കാരയ്ക്കാട്ട്, ജിജി പരവരാകത്ത് (വൈസ് പ്രസി ഡന്റുമാർ), എബി കുടകശ്ശേലിൽ (ജോ. സെക്രട്ടറി & യൂത്ത് കോ-ഓർഡിനേറ്റർ), ആന്റണി പഴയതോട്ടം, ബെൻസി വള്ളിയാംതടത്തിൽ (രൂപത പ്രതിനിധികൾ), ലിജോ അഞ്ചേരിൽ (യൂത്ത് പ്രതിനിധി), ജോഷി ഊട്ടുകളത്തിൽ, ചാക്കോച്ചൻ പുന്നോലിക്കുന്നേൽ, ലൂസി തുരുത്തിയിൽ, ലിജി മെഴുകനാൽ (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

കുമളി അട്ടപ്പള്ളം സെന്റ് തോമസ് ഫൊറോന ഇടവകയിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. വികാരി റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി, അസി. വികാരി ഫാ. എബി പേഴുംകാട്ടിൽ, രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ

തെക്കുംചേരിക്കുന്നേൽ, എം.കെ. ദിലീപ് മംഗലത്തിൽ എന്നിവർ പ്രസംഗിച്ചു. തുടർപ്രവർത്തനങ്ങൾക്കായി എം.കെ. ദിലീപ് മംഗലത്തിൽ പ്രസിഡന്റായി അഡ്ഹോക് കമ്മറ്റി രൂപീകരിച്ചു.

പുല്ലാനിത്തകിടി സെന്റ് റീത്താസ് ഇടവകയിൽ പുതുതായി രൂപീകരിച്ച കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, യൂണിറ്റ് പ്രസിഡന്റ് ജിന്റോ സി. കാട്ടൂർ എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി ജിന്റോ സി. കാട്ടൂർ (പ്രസിഡന്റ്), ബെന്നറ്റ് പി. മാത്യു പതിപ്പള്ളിൽ (സെക്രട്ടറി), ഇ.എ. ജോസഫ് ഇല്ലിക്കൽ (ട്രഷറർ), അനു ജെയിംസ് കുഴിക്കാട്ട്, എ.എം. മാത്യു അറഞ്ഞനാൽ (വൈസ് പ്രസിഡന്റുമാർ), ബിന്ദു ജോൺസൺ വയലിപ്പറമ്പിൽ, സണ്ണി പി. തോമസ് പുതുപ്പറമ്പിൽ (ജോ. സെക്രട്ടറിമാർ), ജോസ് ഫിലിപ്പ് കുഴിക്കാട്ട്, ഏലിക്കുട്ടി ജോസഫ് കണ്ടത്തിൽ (രൂപത പ്രതിനിധികൾ), ബീന തോമസ് പുതുപ്പറമ്പിൽ (വനിത പ്രതിനിധി) എന്നിവരെ തിരഞ്ഞെടുത്തു.

**യൂണിറ്റ് ഭാരവാഹികൾ**

കത്തോലിക്ക കോൺഗ്രസ് ചെങ്ങളം സെന്റ് ആന്റണീസ് യൂണിറ്റ് വാർഷികം 09-03-2024 ൽ പ്രസിഡന്റ് ഇൻ ചാർജ് ജോബി കല്ലൂരാത്തിന്റെ അദ്ധ്യക്ഷതയിൽ വികാരി മോൺ. ജോർജ് ആലുങ്കൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ബോബി വേലിക്കകത്ത് മെമ്പർഷിപ്പുകൾ വിതരണം ചെയ്തു. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, രൂപത സെക്രട്ടറി റെന്നി ചക്കാലയിൽ, സഞ്ജു പാലാപുളിക്കൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ - ജോയ് സി. ചെങ്ങളത്തുപറമ്പിൽ (പ്രസിഡന്റ്), ടോമി കണ്ണിമാൻകുന്നേൽ (സെക്രട്ടറി), ജൂബിച്ചൻ നരിതൂക്കിൽ (ട്രഷറർ), ടെസി രാജു മാവേലിവെട്ടത്ത്, ജോർജ് ജെ. മറ്റം (വൈസ് പ്രസിഡന്റുമാർ),

ടോണി പന്തലാടി (ജോ. സെക്രട്ടറി), അനിൽ ചെരിപുറം, ജോബി കല്ലൂരാത്ത്, റെന്നി ചക്കാലയിൽ (രൂപത പ്രതിനിധികൾ), ഗ്രേസമ്മ ഈറ്റപ്പുറത്ത് (വനിത പ്രതിനിധി), സിനോയ് ജോസ് കുറ്റിക്കാട്ട് (യൂത്ത് പ്രതിനിധി).

പേഴുംപാറ തിരുഹൃദയ ഇടവക യൂണിറ്റിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജെ. ശെൽവരാജ് ഓവേലിൽ (പ്രസിഡന്റ്), റിജോയ് പി.സി. പള്ളിക്കുന്നേൽ (സെക്രട്ടറി), സെബാസ്റ്റ്യൻ നെച്ചിക്കാട്ടിൽ (ട്രഷറർ), ബോസ് പട്ടമന, ലീലാമ്മ ജേക്കബ് കാരിക്കത്തറ (വൈസ് പ്രസിഡന്റുമാർ), സൂസമ്മ ശെൽവരാജ് ഓവേലിൽ (ജോ. സെക്രട്ടറി), സാജുമോൻ കെ.എസ്. കരിയിലക്കളം, കെ.എം. വർക്കി കരോട്ടുപ്ലാക്കുഴിയിൽ, വർഗീസ് മഞ്ഞപ്പള്ളിക്കുന്നേൽ, ജെസ്സി നെച്ചിക്കാട്ടിൽ (രൂപതാ പ്രതിനിധികൾ), ടെസി ബെന്നി (വനിത പ്രതിനിധി), ജയ്മോൻ പ്രമോദ് (യൂത്ത് പ്രതിനിധി) എന്നിവരാണ് ഭാരവാഹികൾ. വികാരി ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം അദ്ധ്യക്ഷത വഹിച്ചു.

എരുമേലി യൂണിറ്റ് വാർഷികവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 17-03-2024 ൽ അസംപ്ഷൻ ഫൊറോന ഓഡിറ്റോറിയത്തിൽ നടന്നു. വികാരി ഫാ. വർഗീസ് പുതുപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, അസി. വികാരി ഫാ. ജിമ്മി കളത്തിൽ, ടോമിച്ചൻ പാലക്കുടി, ജോസ് ജെ. വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി ടോമിച്ചൻ പാലക്കുടി (പ്രസിഡന്റ്), മനോജ് തോമസ് കല്ലൂക്കുളങ്ങര (സെക്രട്ടറി), ബിനോയി പുതുപ്പറമ്പിൽ (ട്രഷറർ), ബെന്നി ജോസഫ് കൊച്ചുകരിമ്പനാൽ, മേഴ്സിക്കുട്ടി റോജി പുറപ്പന്താനം (വൈസ് പ്രസിഡന്റുമാർ), സിനി ബിനോയ് പുതുപ്പറമ്പിൽ (ജോ. സെക്രട്ടറി), അജസ് കെ. തോമസ് കൈപ്പള്ളി, ഷീബ രാജൻ പൂവത്താനിക്കുന്നേൽ (യുവജന പ്രതിനിധികൾ), ജാൻസി മാത്യു തുണ്ടത്തിൽ, ജോസ് ജോസഫ് വെട്ടിക്കാട്ട്, മനോജ് ജോസഫ് ഇലഞ്ഞിത്തടം (രൂപത പ്രതിനിധികൾ) എന്നിവരെ തിരഞ്ഞെടുത്തു.

പടനിലം സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്, വാർഷികം 17-03-2024 ൽ വികാരി ഫാ. സിബി കുരിശുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ, പാരീഷ് ഹാളിൽ നടത്തി. പുതിയ ഭാരവാഹികളായി സാബു ജോസഫ് വെട്ടുവേലിൽ (പ്രസിഡന്റ്), ജെയിംസ് ടി.ഒ. തകിടിയേൽതാഴെ (സെക്രട്ടറി), ടിൻസ് വർഗീസ് പള്ളിയടിയിൽ (ട്രഷറർ), സാബു തോമസ് നല്ലേപ്പറമ്പിൽ, ഷൈനി ജോസ് മുതുകാട്ട് (വൈസ് പ്രസിഡന്റുമാർ), ആൻസി ജോബിൻ വടക്കേനാത്ത് (ജോ. സെക്രട്ടറി), ജോബിൻ ജോർജ് വടക്കേനാത്ത്, റോസമ്മ സെബാസ്റ്റ്യൻ കുന്നപ്പള്ളിൽ (രൂപതാ പ്രതിനിധികൾ), ഡെന്നീസ് ജോസ് ഞള്ളിമാക്കൽ (യുവജനപ്രതിനിധി), മരിയ ടോം അല്ലായിക്കൽ (വനിത പ്രതിനിധി), ടോമി എൻ. ജോസഫ് നഗരൂർ, സണ്ണി ജോസഫ് വല്ലനാട്ട്, ജോർജ് മത്തായി മാടപ്പള്ളിക്കുന്നേൽ, സെബാസ്റ്റ്യൻ തോമസ് വടക്കയിൽ, ലയാ തോമസ് ആലപ്പാട്ട് (എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

പ്ലാച്ചേരി ഫാത്തിമമാതാ യൂണിറ്റ് വാർഷികവും അംഗത്വവിതരണവും വികാരി ഫാ. ബ്രൈറ്റ് മാത്തൻകുന്നേൽ ഉദ്ഘാടനം ചെയ്തു. 2024-27 വർഷത്തെ ഭാരവാഹികളായി ബിനോയ് വർഗീസ് ഇലവത്തിൽ (പ്രസിഡന്റ്), ജോസ് ഡൊമിനിക് കുരിശുംമൂട്ടിൽ (സെക്രട്ടറി), റ്റി.വി. തോമസ് തടത്തേൽ (ട്രഷറർ), സോണി പുത്തൻപുരയ്ക്കൽ, ലീനാ ജോസഫ് പുത്തൻപുരയിൽ (വൈസ് പ്രസിഡന്റുമാർ), റീനാ ജോജോ പടിഞ്ഞാറ്റയിൽ (ജോ. സെക്രട്ടറി), ബിൻസ് ഇലവത്തിൽ, ജെയിംസ് കോയിപ്പുറത്ത് (രൂപതാ പ്രതിനിധികൾ), ജിൻസൺ തോമസ് പുത്തൻപുരയ്ക്കൽ (യുവജന പ്രതിനിധി), റ്റി. വി. വർഗ്ഗീസ് തടത്തേൽ റോബിൻ വർഗീസ് പുത്തൻപുരയ്ക്കൽ (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

കപ്പാട് ഹോളിക്രോസ് യൂണിറ്റ് വാർഷികയോഗം വികാരി ഫാ. ആന്റണി മണിയങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ജോൺസൺ പന്തപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് പ്രസി

ഡന്റ് ജോബി തെക്കുംചേരിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി ജോൺസൺ അഗസ്റ്റിൻ പന്തപ്ലാക്കൽ (പ്രസിഡന്റ്), സാബു മാത്യു മുടപ്പാലയിൽ (സെക്രട്ടറി), സജി പി. ഡോമിനിക് (ട്രഷറർ), സണ്ണി ജോസഫ് കിഴവഞ്ചിയിൽ, ജസി ജയിംസ് കാരയ്ക്കാട്ട് (വൈസ് പ്രസിഡന്റുമാർ), മാത്യു ജോർജ് വെള്ളാത്തോട്ടം (ട്രഷറർ), ജോമി ഡൊമിനിക് കൊച്ചുപറമ്പിൽ, ജോജോ ജോസഫ് തെക്കുംചേരിക്കുന്നേൽ (രൂപതാ പ്രതിനിധികൾ), സ്വപ്നിൽ തോമസ് കല്ലൂക്കുളങ്ങര (യുവജനപ്രതിനിധി), ടോമി മാനുവൽ കടപ്ലാക്കൽ, ജെയിംസ് സിറിയക് വെള്ളമറ്റം, മനോജ് എം. ടോണിയോ മറ്റമുണ്ടയിൽ, ടി.വി. ഫ്രാൻസിസ് തെരുവംകുന്നേൽ, സജി ജോസഫ് മടുക്കാവുങ്കൽ (എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

**പ്രതിഷേധിച്ചു**

പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനപ്പള്ളി അസി. വികാരിയെ അപായപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ കത്തോലിക്ക കോൺഗ്രസ് രൂപത സമിതി പ്രതിഷേധം രേഖപ്പെടുത്തി. സംഭവത്തിൽ എരുത്വാപ്പുഴ ഉണ്ണിമിശിഹാ ഇടവകയും പ്രതിഷേധിച്ചു.

**ശ്രമദാനം നടത്തി**

കത്തോലിക്ക കോൺഗ്രസ് കൊല്ലമുള യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ ഒരു ഭവനത്തിന്റെ പുനർനിർമ്മാണം ശ്രമദാനമായി നടത്തി. വികാരി ഫാ. മാത്യു കല്ലറയ്ക്കൽ, യൂണിറ്റ് പ്രസിഡന്റ് ബിജു തേനംമാക്കൽ, സെക്രട്ടറി ജോഷി ജെയിംസ് ഞൊണ്ടിമാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പ്രതിഷേധറാലി നടത്തി**

തുടർക്കഥയായി മാറുന്ന വന്യജീവി ആക്രമണങ്ങൾക്കെതിരെ കുമളി സെന്റ് തോമസ് ഫൊറോന ഇടവകയിലെ കത്തോലിക്ക കോൺഗ്രസ്, മാതൃവേദി, പിതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ 06-03-2024 ൽ കുമളി ടൗണിൽ പ്രതിഷേധ റാലി നടത്തി.

## വനിതാദിനാചരണം നടത്തി

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത വിമൻസ് കൗൺസിലിന്റെ നേതൃത്വത്തിൽ മാർച്ച് 8 ന് ഇഞ്ചിയാനി സ്നേഹദീപത്തിൽ നടത്തിയ വനിതാദിനാചരണം കിൻഫ്രാ ഫിലിം ആൻഡ് വീഡിയോ പാർക്ക് ചെയർമാൻ ജോർജുകുട്ടി ആഗസ്തി ഉദ്ഘാടനം ചെയ്തു. വിമൻസ് കൗൺസിൽ രൂപത പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കലിന്റെ അദ്ധ്യക്ഷതയിൽ കത്തോലിക്ക കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ഗ്ലോബൽ സമിതിയംഗം സണ്ണിക്കുട്ടി അഴകംപ്രായിൽ, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല ഡോമിനിക്, രൂപതാ ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ആൻസമ്മ തോമസ്, സിനി ജിബു, അനിത ജസ്റ്റിൻ, ഡെയ്സി ജോർജുകുട്ടി, ജോളി ഡൊമിനിക്ക്, ജയ ജേക്കബ്, സി. ബീന മാത്യു കാരിശ്ശേരിയിൽ എന്നിവർ പ്രസംഗിച്ചു.

## യൂണിറ്റ് ഉദ്ഘാടനം

കത്തോലിക്ക കോൺഗ്രസ് പൊടിമറ്റം സെന്റ് മേരീസ് യൂണിറ്റിന്റെ ഉദ്ഘാടനം 25-02-2024 ൽ പാരീഷ് ഹാളിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി നിർവഹിച്ചു. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. മാർട്ടിൻ വെള്ളിയാംകുളം, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് കൊല്ലക്കൊമ്പിൽ, സെക്രട്ടറി രാജു മാത്യു വെട്ടിക്കൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

കമ്പം മിഷൻ

- മാനസിക ബുദ്ധിമുട്ടനുഭവിക്കുന്ന, സഹായിക്കാനും ചികിൽസിക്കാനും ആരുമില്ലാത്ത രണ്ടു പുരുഷന്മാരെയും രണ്ടു സ്ത്രീകളെയും ആവശ്യമായ ചികിത്സയും പരിചരണവും നൽകി നിയമാനുസൃതം നാല് ആതുരാലയങ്ങളിൽ പ്രവേശിപ്പിച്ചു തുടർച്ചയായി ക്ഷേമവിവരങ്ങൾ അന്വേഷിച്ചു വരുന്നു.
- ആങ്കൂർപാളയം ഗ്രാമത്തിൽ ഒരു ചെറിയ വീട് വാടകയ്ക്ക് എടുത്ത് ആശീർവദിച്ചു പ്രാർത്ഥനാസമ്മേളനം നടത്താൻ തുടങ്ങി. ഇതിനായി തിരുവസ്തുക്കളും തിരുവസ്ത്രങ്ങളും സംഭാവനയായി നൽകിയ രൂപത മാതൃവേദി ഡയറക്ടർ ഫാ. മാത്യു ഓലിക്കലിനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും സാധനസാമഗ്രികൾ നൽകിയ കട്ടപ്പന മുള്ളൂർ ഏജൻസിക്കും നന്ദി.
- ഫാമിലി കൗൺസിലിങ് ആവശ്യമായവർക്ക് നൽകി വരുന്നു.
- വസ്ത്രങ്ങൾ ശേഖരിച്ചു വിതരണം ചെയ്തുവരുന്നു.
- കുട്ടികൾക്കുള്ള സൗജന്യ ട്യൂഷൻ, വീടുസന്ദർശനങ്ങൾ എന്നിവയും നടത്തുന്നു.
- കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് ടീം നൽകുന്ന തമിഴ് ഭാഷയിലുള്ള വചനോത്സവം വിതരണം ചെയ്യുന്നു.

ജങ്കാൾപട്ടി മിഷൻ

- പതിവുള്ള വീട് സന്ദർശനങ്ങളും കുട്ടികൾക്ക് സൗജന്യ ട്യൂഷനും നടത്തുന്നു.

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ദീപിക സ്റ്റാർസ് ഓഫ് അച്ചീവമെന്റ് അവാർഡ് 2024 മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്**

ഇടുക്കി, കോട്ടയം ജില്ലകളിലെ മലയോര ജനതയുടെയും തോട്ടം തൊഴിലാളികളുടെയും കർഷകരുടെയും ആരോഗ്യ പരിപാലനത്തിനായി കഴിഞ്ഞ 60 വർഷങ്ങളായി സുത്യർഹമായ സേവനം നൽകിവരുന്ന മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന് ദീപികയുടെ 137-ാം വാർഷികത്തിൽ സ്റ്റാർസ് ഓഫ് അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. വൈദ്യുത മന്ത്രി ശ്രീ കെ. കൃഷ്ണൻകുട്ടി, സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ.വി.എൻ വാസവൻ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിനിൽ തുടങ്ങിയവരിൽ നിന്നും ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി

---

## തേനി മിഷൻ വാർത്തകൾ

- വസ്ത്രങ്ങൾ ശേഖരിച്ച് ആവശ്യാനുസരണം വിതരണം നടത്തുന്നു.
- നോമ്പുകാല ഏകദിനധ്യാനം മാർച്ച് 10 ഞായറാഴ്ച നടത്തി. ബ്ര. ആന്റണി പെരേര കവളങ്ങാട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.
- കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് ടീം നൽകുന്ന തമിഴ് ഭാഷയിലുള്ള വചനോത്സവം വിതരണം ചെയ്യുന്നു.

**ഫാ. ജോസ് തട്ടാംപറമ്പിൽ**
തേനി മിഷൻ ഡയറക്ടർ

### ലോകവൃക്കദിനചാരണം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ

ലോകവൃക്കദിനത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ നെഫ്രോളജി ഡിപ്പാർട്ട്മെന്റിന്റെയും ഡയാലിസിസ് യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ വൃക്കദിനാചാരണം മാർച്ച് 14 നു നടത്തപ്പെട്ടു. ഹോസ്പിറ്റൽ ഡയറക്ർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരക്കൽ, മെഡിക്കൽ സുപ്രീംണ്ടന്റ് ഡോ. കെ.എം. മാത്യു എന്നിവർ സന്നിഹിതരായിരുന്ന സമ്മേളനത്തിൽ മുതിർന്ന ഡയാലിസിസ് രോഗി ശ്രീ. K T തോമസ് ആശംസകൾ അറിയിച്ചു. തുടർന്ന് ഡോ. ക്രിസ്റ്റി മരിയ MBBS, MD, DNB (കമ്മ്യൂണിറ്റി മെഡിസിൻ) വൃക്കരോഗങ്ങളെ കുറിച്ചും അവയുടെ പ്രത്യാഘാധങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. 3 ദിവസം നീണ്ടുനിന്ന എക്സിബിഷനും ഉണ്ടായിരുന്നു

### വനിതാദിനാചരണം 2024

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനചാരണം നടത്തി. എം.എം.ടി ആശുപത്രി യിലും വിവിധ ഡിപ്പാർട്ട്മെന്റുകളിലായി 178-വനിതകൾ സേവനം ചെയ്യുന്നു. അവരുടെ സേവനങ്ങൾ വനിതാദിനത്തിൽ ഓർക്കുകയും എല്ലാവരെയും ആദരിക്കുകയും ചെയ്തു.

### മെഡിക്കൽ ക്യാമ്പ്

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെയും, PDS ഫെഡറേഷന്റെയും, ഫാത്തിമ മാതാ ഇടവക മ്ലാമലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 മാർച്ച് 10-ാം തീയതി മ്ലാമലയിൽ വച്ചു മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. സോബിൻ താഴത്തുവീട്ടിൽ ഉത്ഘാടനം ചെയ്ത ക്യാമ്പിന് ഡോ. തോമസ് ചാണ്ടി (ജനറൽ മെഡിസിൻ), ഡോ. അഡോൾഡ് ജോർജ് (അസ്ഥി രോഗം) എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ രജിസ്ട്രേഷൻ, കൺസൽട്ടേഷൻ, മരുന്നുകൾ തുടങ്ങിയവ സൗജന്യമായിരുന്നു.

**ഡയാലിസിസ് രോഗികൾക്ക് ഒരു കൈത്താങ്ങ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ അഞ്ചലിപ്പ പത്താം പിയൂസ് ഇടവകയിലെ മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ സ്വരൂപിച്ച തുക ഹോസ്പിറ്റലിൽ അഡ്മിനിസ്റ്ററ്റർ ഫാ. ദിപു പുത്തൻപുരക്കൽ, PRO അരുൺ ആണ്ടൂർ എന്നിവർ ഏറ്റുവാങ്ങി.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിക്ക് സൗജന്യമായി ഡയാലിസിസ് മെഷീൻ വാങ്ങി നൽകി ചെലാരാത്ത് കുടുംബാംഗങ്ങൾ**

നിർധനരായ രോഗികൾക്ക് കൈത്താങ്ങായി മുണ്ടക്കയം ചെലാരാത്ത് കുടുംബാംഗങ്ങൾ ചേർന്ന് ഡയാലിസിസ് മെഷീൻ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന് സൗജന്യമായി കൈമാറി.നാട്ടിലെ വൃക്കരോഗികളുടെ എണ്ണം വർധിച്ചു വരുന്ന സാഹചര്യത്തിൽ നിർധനരായ രോഗികൾക്ക് ഡയാലിസിസ് ഏറെ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ഇത് മനസിലാക്കി ആണ് പരേതനായ CPA യൂസഫ് , CPA മുഹമ്മദ് കുട്ടി, ഡോ. അസ്സിസ് എന്നിവരുടെ സ്മരണാർത്ഥം ചെലാരാത്ത് കുടുംബാംഗങ്ങൾ ചേർന്ന് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിക്ക് സൗജന്യമായി ഡയാലിസിസ് മെഷീൻ വാങ്ങി നൽകിയത്. ആശുപത്രിയിൽ വച്ചു നടന്ന സമ്മേളനത്തിൽ മെഷീന്റെ ഉത്ഘാടനം CPA റഷീദ് നിർവഹിച്ചു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.എം. മാത്യു മുണ്ടക്കയം YMCA സെക്രട്ടറി ബോബിന മാത്യു, CPA റസാക്ക്, വ്യാപാരി വ്യവസായ ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ് TS റഷീദ് ഉൾപ്പെടെ നിരവധി പ്രമുഖർ സംസാരിച്ചു. ഏപ്രിൽ മാസം മുതൽ സൗജന്യ നിരക്കിൽ ഉള്ള ഡയാലിസിസ് ആരംഭിക്കും.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- മാർച്ച് 3–ാം തീയതി ഞായറാഴ്ചയും 10–ാം തീയതി ഞായറാഴ്ചയും വൈകുന്നേരം രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.
- ഒരുമ ചെണ്ടമേളത്തിലേക്ക് പുതിയ ആളുകളെ കൂടി ചേർത്ത് പരിശീലിപ്പിച്ച് പുതിയതായി ഗ്രൂപ്പ് സജ്ജീകരിച്ചു കൊണ്ടിരിക്കുന്നു.
- ഡി.സി.എം.എസ്. രൂപത എക്സിക്യൂട്ടീവ് അമ്പതു നോമ്പിന്റെ ഭാഗമായി അരുവിത്തുറ വല്യച്ചൻ മലയിൽ കുരിശിന്റെ വഴി നടത്തി.
- കോട്ടയത്തുവച്ച് നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ രൂപതയിൽ നിന്നും പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാതല പ്രതിമാസയോഗം 10-03-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലുള്ളരൂപതാ ഓഫീസിൽ കൂടി.

രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv) സന്നിഹിതനായിരുന്നു.

പ്രാരംഭപ്രാർത്ഥനകൾക്ക് ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നൽകി. പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം രൂപതാ സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മണിമല കരോട്ട് മുൻമാസത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

കുടുംബത്തിലും സഭയിലും, സമൂഹത്തിലും ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങൾ എങ്ങനെ ആയിരിക്കണമെന്ന് വിശദീകരിച്ചുകൊണ്ട് രൂപതാ ഡയറക്ടർ അനുഗ്രഹപ്രഭാഷണം നടത്തി. ഫ്രാൻസിസ്ക്കൻ സഭയുടെ മുൻകാല ചരിത്രങ്ങൾ വിവരിച്ചുകൊണ്ട് ബ്രദർ തോമസ് കൊഴുക്കൊട്ടയിൽ സംസാരിച്ചു.

ഭ്രാതൃത്വങ്ങളുടെ വാർഷികങ്ങൾ നടത്താത്ത ഭ്രാതൃത്വങ്ങൾ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തുവാനും 'ഫ്രാൻസിസ്ക്കൻ അൽമായ സഭയും സഭാംഗങ്ങളും ജീവിതക്രമങ്ങളും' എന്ന വിഷയത്തെ മുൻനിർത്തി 2024 മെയ് മാസത്തിൽ പാസ്റ്ററൽ സെന്ററിൽ വച്ച് സെമിനാർ നടത്തുവാനും തീരുമാനിച്ചു. യോഗത്തിൽ വൈസ് പ്രസിഡന്റ് സിസ്റ്റർ മോളി ജോസ് വാഴപ്പനാടി സ്വാഗതവും ട്രഷറർ ബ്രദർ ജോജോ കിഴക്കേത്തലയ്ക്കൽ നന്ദിയും പറഞ്ഞു.

ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ സമാപനാശീർവാദത്തോടു കൂടി യോഗം 4.30 ന് സമാപിച്ചു.

**സ്ലീവാപാത**

കാഞ്ഞിരപ്പള്ളി രൂപതാ അൽമായ സഭയുടെ നേതൃത്വത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള മിശിഹായുടെ പീഡാനുഭവങ്ങളെ അനുസ്മരിച്ചുകൊണ്ടുള്ള സ്ലീവാപാത ഈ വർഷവും 15-03-2024 വെള്ളിയാഴ്ച രാവിലെ 9.30 ന് ചോറ്റി നിർമ്മലാരാം ജംഗ്ഷനിലുള്ള കുരിശടിയിൽ രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv) പ്രത്യേക സന്ദേശത്തോടെ ആരംഭിച്ച് നിർമ്മലാരാം സുപ്പീരിയർ റവ. ഫാ. ബൊനവെഞ്ചർ OFM (Conv) പ്രാരംഭപ്രാർത്ഥനകൾ നടത്തി. വൈസ് റെക്ടർ റവ. ഫാ. വില്യംസിന്റെയും വൈദികവിദ്യാർത്ഥികളുടെയും സഹകരണത്തോടെ നടന്ന സ്ലീവാപാത ചോറ്റി ആശ്രമത്തിൽ എത്തിയപ്പോൾ റവ. ഫാ. റോയ് കാരയ്ക്കാട്ട് OFM (Cap) പീഡാനുഭവസന്ദേശം നൽകി. തുടർന്ന് നേർച്ചകഞ്ഞിയും വിതരണം ചെയ്തു. സ്ലീവാപാതയിൽ പങ്കെടുത്ത നൂറുകണക്കിനുള്ള ഭക്തജനങ്ങൾക്കും എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തി സഹകരിച്ച എല്ലാവർക്കും രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് നന്ദി അറിയിച്ചു.

**സെക്രട്ടറി**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 458–ാമതും കൂരിയായുടെ 915–ാമതും സമ്മേളനം 2024 മാർച്ച് 9–ാം തീയതി പാസ്റ്ററൽ സെന്റർ അനക്സിൽ പ്രസിഡന്റ് സി. ലൂസി തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും ആച്ചിയെസ് എന്ന ഭാഗം വായിച്ച് ജ്ഞാന വായന നടത്തി.

മാർച്ച് 25 മാതാവിന്റെ മംഗലവാർത്തതിരുനാളിനോടനുബന്ധിച്ച് ലീജിയൻ അംഗങ്ങൾ ആച്ചിയെസ് നടത്തുന്നതാണ്. എല്ലാ സൈനികരും അവരുടെ പ്രതിജ്ഞ പുതുക്കുന്ന സുവർണ്ണാവസരമാണ്.

ഇന്നേദിവസം ഏകദേശം 72 സൈനികർ ആച്ചിയെസിൽ പങ്കെടുക്കുവാൻ എത്തിയിരുന്നു. മാതാവിന്റെ രൂപവും ലീജിയൻ പതാകയും തിരിയും ഫ്ളവർ ബേസും വഹിച്ച് അവർ കത്തീഡ്രൽ ദൈവാലയത്തിലേയ്ക്ക് പ്രദക്ഷിണമായി പോയി. തുടർന്ന് ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ ജോസഫ് വെള്ളമറ്റം ദിവ്യകാരുണ്യം എഴുന്നെള്ളിച്ച് വച്ച് ആരാധന ആരംഭിച്ചു. അച്ചൻ തന്റെ പ്രഭാഷണത്തിൽ എല്ലാ സൈനികരും തങ്ങളുടെ സഭയെ കാത്തുപരിപാലിക്കുവാൻ മാതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കണമെന്നും കാനായിലെ കല്ല്യാണവിരുന്നിൽ വീഞ്ഞുതീർന്നുപോയപ്പോൾ “അവൻ പറയുന്നതുപോലെ ചെയ്യുവിൻ” എന്ന ആഹ്വാനത്തിലൂടെ ഈശോയെ നമുക്ക് കൂടുതൽ വെളിപ്പെടുത്തിത്തരികയും കാൽവരിയോളം ഈശോയെ അനുഗമിച്ച മാതാവിന്റെ ത്യാഗോജ്ജ്വലമായ ജീവിതവും നമുക്ക് ശക്തി നൽകുമെന്നും പറഞ്ഞു. വലിയ നോമ്പിൽ തന്നെ ആച്ചിയെസ് നടത്തുന്നത് എന്തുകൊണ്ടും സന്ദർഭോചിതമാണെന്നും നമ്മിലേയ്ക്ക്

→



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ ഒരു യോഗം 25-02-2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന എന്നിവയ്ക്കുശേഷം സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും ഖജാൻജി അവതരിപ്പിച്ച വരവു ചെലവു കണക്കുകളും യോഗം പാസ്സാക്കുകയുണ്ടായി. എല്ലാ ഏരിയാ കൗൺസിലുകളിലേയ്ക്കുമുള്ള 2023-2024 വർഷത്തെ AC കളുടെയും കോൺഫ്രൻസുകളുടെയും വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ AC പ്രസിഡന്റുമാർക്കു നൽകുകയുണ്ടായി. ആഭ്യന്തര ദത്തെടുപ്പ് പട്ടിക പുനഃപരിശോധിച്ചതിൻപ്രകാരം നിർജ്ജീവമായ കോൺഫ്രൻസുകളെ നീക്കി അർഹരായ മറ്റ് കോൺഫ്രൻസു

---

## ലീജിയൻ ഓഫ് മേരി

തന്നെ തിരിഞ്ഞുനോക്കുവാനും എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് നികത്തുവാനും കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് മാതാവിന്റെ വിമലഹൃദയപ്രതിഷ്ഠ നടത്തുകയും ദിവ്യകാരുണ്യാശീർവാദം നല്കുകയും ചെയ്തു.

എല്ലാ സൈനികരും ലീജിയൻ പതാകയിൽ കൈകൾ വച്ച് "എന്റെ രാജ്ഞീ, എന്റെ മാതാവേ, ഞാൻ അങ്ങയുടേതാകുന്നു, എനിക്കുള്ളതെല്ലാം അങ്ങയുടേതാകുന്നു" എന്ന് പറഞ്ഞു സൈനികപ്രതിജ്ഞ നടത്തി. ഏകദേശം 4 മണിയോടുകൂടി കാപ്പിസൽക്കാരത്തോടെ ആച്ചിയെസും സമ്മേളനവും സമാപിച്ചു.

**സെക്രട്ടറി**

കൾക്ക് നൽകുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി കോൺഫ്രൻസുകളെ നിശ്ചയിച്ചു തീരുമാനിച്ചു.

ഇന്നേദിവസം രാവിലെ 10.30 ന് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് ഏരിയാ കൗൺസിൽ ഭാരവാഹികൾക്കും കോൺഫ്രൻസ് ഭാരവാഹികൾക്കും വേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ് നടക്കുകയുണ്ടായി. പ്രസ്തുത ക്ലാസിൽ CC പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ CC വൈസ് പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട കത്തീഡ്രൽ ആർച്ച് പ്രിസ്റ്റും CC അഡ്വൈസറുമായ വെരി റവ. ഫാ. വർഗീസ് പരിന്തിരിക്കൽ ഉൽഘാടനം നിർവഹിച്ച് സംസാരിച്ചു. നാഷണൽ കൗൺസിൽ അംഗം അഡ്വ. ലിറ്റോ പാലത്തിങ്കൽ ക്ലാസ് നയിച്ചു. CC വൈസ് പ്രസിഡന്റ് കൃതജ്ഞത രേഖപ്പെടുത്തി. ഉച്ചയ്ക്ക് ഒരു മണിയോടെ സമാപന പ്രാർത്ഥനയ്ക്കു ശേഷം 350 ൽ പരം പേർ പങ്കെടുത്ത യോഗം ലൂർദ് ഹാളിൽ ഉച്ചഭക്ഷണത്തോടെ പര്യവസാനിച്ചു.

**AC സമ്മേളനങ്ങൾ**

അണക്കര AC യുടെ ഒരു സംയുക്ത സമ്മേളനം 10-03-2024 ഞായറാഴ്ച ഒരു മണിക്ക് കുഴിത്തൊളു സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു. തുടർന്ന് പാരീഷ് ഹാളിൽ യോഗം ആരംഭിച്ചു. അണക്കര AC പ്രസിഡന്റ് ബ്രദർ ബേബി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. CC വൈസ് പ്രസിഡന്റ് ബ്രദർ സി. വി. ജോർജ് ചക്കാലക്കൽ യോഗം ഉൽഘാടനം ചെയ്തു സംസാരിച്ചു. കുഴിത്തൊളു കോൺഫ്രൻസ് അംഗം ബ്രദർ അഗസ്റ്റിൻ കുറുമണ്ണ് സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട വികാരി റവ. ഫാ. തോമസ് കപ്പിയാങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. CC ഹൈറേഞ്ച് കോഡിനേറ്റർ ബ്രദർ ജേക്കബ് പുതുപ്പറമ്പിൽ യോഗത്തിന് ആശംസാസന്ദേശം നൽകി. തുടർന്ന് AC യുടെ റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. പുതിയ അംഗങ്ങളുടെ പരിചയപ്പെടുത്തൽ നടന്നു. കോൺഫ്രൻസുകളുടെ റിപ്പോർട്ട് അവതരണവും ചർച്ചകളും നടന്നു. കുഴിത്തൊളു കോൺഫ്രൻസ് അംഗം ബ്രദർ ജോൺ കാരക്കു

ന്നേൽ കൃതജ്ഞത രേഖപ്പെടുത്തി. 47 പേർ പങ്കെടുത്ത യോഗം സമാപനപ്രാർത്ഥനയ്ക്കുശേഷം സ്നേഹവിരുന്നോടെ നാല് മണിക്ക് സമംഗളം പര്യവസാനിച്ചു.

റാന്നി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം സീതത്തോട് സെന്റ് ജോർജ് പള്ളിയിൽ 17-03-2024 ഞായറാഴ്ച 2.30 ന് പ്രാരംഭ പ്രാർത്ഥയ്ക്കുശേഷം പാരീഷ് ഹാളിൽ യോഗനടപടികൾ ആരംഭിച്ചു. AC പ്രസിഡന്റ് ബ്രദർ സുരേഷ് തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജ്ഞാനവായനയ്ക്കുശേഷം കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ഫിലിപ്പ് കൂവക്കുന്നേൽ സ്വാഗതം ആശംസിച്ചു. ബ്രദർ ജോസ് മോളോപ്പറമ്പിൽ യോഗത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു.

ബഹു. വികാരി റവ. ഫാ. ജോസഫ് മൈലാടിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. എ.സി. സെക്രട്ടറി ബ്രദർ വർഗീസ് കൊച്ചുപൊട്ടംപ്ലാക്കൽ റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു. CC മെമ്പർ ബ്രദർ ടോമി മണിയമ്പ്രായിൽ വിൻസൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. കോൺഫ്രൻസുകളുടെ ത്രൈമാസ റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. പേഴുംപാറ SH കോൺഫ്രൻസ് പ്രസിഡന്റായി ബ്രദർ സ്കറിയാ കോഴികൊത്തിക്കൽ സത്യപ്രതിജ്ഞ ചെയ്തു.

AC സെക്രട്ടറി കൃതജ്ഞത രേഖപ്പെടുത്തി. 35 അംഗങ്ങൾ പങ്കെടുത്ത യോഗം സമാപന പ്രാർത്ഥനയ്ക്കു ശേഷം 4.30 പി.എം. ന് സ്നേഹവിരുന്നോടെ സമംഗളം പര്യവസാനിച്ചു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കാഞ്ഞിരപ്പള്ളി സെൻട്രൽ കൗൺസിലിന്റെ ഒരു യോഗം 14/04/2024 ഞായറാഴ്ച രാവിലെ 10.30 ന് സി സി ഓഫീസിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളും കൃത്യ സമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ മാർച്ച് 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ധ്യാനത്തിൽ 65 പേർ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപ റമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ധ്യാനപരിപാടികൾ വളരെ കൃത്യമായും കാര്യക്ഷമമായും നടത്തി. ക്ലാസ്, ധ്യാനം, ആരാധന, ചർച്ച, കൗൺസിലിംഗ് തുടങ്ങി ധ്യാനത്തോടു ബന്ധപ്പെട്ടതെല്ലാം സി. ടെസി മരിയ FCC, ശ്രീ. ജോർജുകുട്ടി ആഗസ്തി, ശ്രീ. ജോർജ് പറത്താനം എന്നിവരും എല്ലാ മാസവും ധ്യാനനടത്തിപ്പിൽ സഹാ യിച്ചുകൊണ്ടിരുന്ന എല്ലാവരും ചേർന്ന് വളരെ ഫലപ്രദമായി നട ത്തി. 15-ാം തീയതി രാവിലെ ബഹു. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് അച്ചൻ ദിവ്യബലി അർപ്പിച്ച് ഹൃദയസ്പർശിയായ സന്ദേശം നൽകി. തുടർന്ന് ക്ലാസ്, ചർച്ച, ആരാധന എന്നിവയും അച്ചന്റെ നേതൃത്വ ത്തിൽ നടത്തി. 16-ാം തീയതി രാവിലെ ബഹു. ബോബി മണ്ണംപ്ലാ ക്കൽ അച്ചൻ ദിവ്യബലി അർപ്പിച്ച് ലഹരി രഹിത ജീവിതം എന്ന സ്വപ്നം സഫലമാകുന്നതിനുള്ള ദൈവാനുഗ്രഹം ഏവർക്കും ലഭി ക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തു. 17-ാം തീയതി രാവിലെ ദിവ്യബലിയോടെ ധ്യാനം സമാപിച്ചു.

17-ാം തീയതി മംഗലപ്പുഴ സെമിനാരിയിൽ നിന്നും 10 വൈദി കവിദ്യാർത്ഥികൾ പെനുവേൽ ആശ്രമത്തിലെത്തി. 17, 18, 19 തീയ തികളിൽ പൊൻകുന്നം, പാലാ, പീരുമേട്, ദേവികുളം എന്നീ ജയി ലുകൾ സന്ദർശിച്ച് ബോധവത്ക്കരണക്ലാസുകൾ, വിവിധ കലാപരി പാടികൾ എന്നിവ നടത്തി. ജയിൽ നിവാസികൾ വളരെ സന്തോഷ ത്തോടെ, ആത്മാർത്ഥതയോടെ പരിപാടികളിൽ പങ്കുചേർന്നു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

## പുത്തൻപുസ്തകങ്ങൾ

**1. അതിജീവനത്തിന്റെ സുവിശേഷം: ഫാ. ആന്റണി പാറക്കടവിൽ**

പേജ് :64/ വില: 70/ എഡിഷൻ:1

പാദങ്ങൾക്കു വിളക്കുപോലെ നമ്മുടെ ഇന്നുകളിലും നാളെകളിലും പ്രകാശം പരത്തുന്ന ചിന്തകളാണ് ഈ പുസ്തകത്തിലെ ഓരോ കുഞ്ഞുകുറിപ്പും.നമ്മുടെ ജീവിതങ്ങളെ ധ്യാനാത്മകമായി സമീപിക്കാനുള്ള ഹൃദ്യമായ ക്ഷണമാണ് ഇതിലെ ഓരോ വാകൃങ്ങളും. പുതിയ ചിന്തകൾ, പുതിയ പ്രവൃത്തികൾ, മാനവികതയുടെയും ആത്മീയതയുടെയും നവീനമായ പാഠങ്ങൾ ഇവയൊക്കെ പ്രതിപാദിക്കുന്ന ധ്യാനാത്മകമായ കൃതി.

## പുത്തൻ പതിപ്പുകൾ

1. മാതാപിതാക്കളുംഅധ്യാപകരുംപൂന്തോട്ടക്കാർ : ഡോ. ജസ്റ്റിൻ ഏറത്തേൽ
2. ഒരു വിശുദ്ധകുടുംബത്തിന്റെകഥ: സി. ഫിലമിൻ സി.എം.സി.
3. ധന്യചരിതമാല 22 ബുക്ക്സ്
4. ബൈബിൾ കഥകൾ
5. സൈബർ സെയിന്റ്

## പണിപ്പുരയിൽ

1. ഈ രാവ് തീരും മുമ്പ് : ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
2. പടിയറ ഫലിതങ്ങൾ : ബോബൻ തെക്കേൽ

5. Easter Stories ( ഇംഗ്ലീഷ് വിവർത്തനം) : മഞ്ജുഷ കുന്നത്ത്
5. പ്രവാസിയുടെ ഏദൻതോട്ടം : ജെ.പി കാപ്പുംതല
6. സെക്കന്റ് ഇന്നിംഗ്സ് : ഡോ. തോമസ് അമ്പൂക്കൻ CMI
7. വിരലുകൾ പറഞ്ഞ കഥകൾ : ഐസക് എൻ.എസ്

**ഫാ. ജസ്റ്റിൻ മതിയത്ത്**

**ഡയറക്ടർ**

**കുട്ടികളുടെ അവധിക്കാലവായന**

**വിമലയ്ക്കൊപ്പം**

കുട്ടികൾക്ക് വായിച്ചുരസിക്കാൻ,
ചിന്തിക്കാൻ,വളരാൻ

വിമലയൊരുക്കുന്ന പ്രത്യേക പായ്ക്കേജ്!

എല്ലാ പുസ്തകങ്ങൾക്കും **10%** ഡിസ്കൗണ്ട്

വിമലയുടെ പുസ്തകങ്ങൾക്ക് **30%**
ഡിസ്കൗണ്ട്

**ഈ സുവർണാവസരം**

**ഏപ്രിൽ 1 മുതൽ മെയ് 31 വരെ**

# Special Care Homes & Charitable Institutions (SEARCH)

**എയ്ഞ്ചൽസ് വില്ലേജ്**

- 2024 മാർച്ച് മാസത്തെ 2-ാം ശനിയാഴ്ച പ്രാർത്ഥനാ ശുശ്രൂഷയിൽ അനേകം പേർ പങ്കെടുത്തു. ബ്രദർ കുഞ്ഞുമോൻ പുന്നപ്ര തന്റെ ജീവിതാനുഭവങ്ങളെപ്പറ്റിയുള്ള മോട്ടിവേഷൻ ക്ലാസ് നല്കി. ജപമാല, ആരാധന, വി. കുർബാന എന്നിവയിൽ കുട്ടികൾ, മാതാപിതാക്കൾ, കോരുത്തോട് മാതൃവേദിയിലെ അമ്മമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.
- ശാലോം TV, ഗുഡ്നെസ് TV, ഷെക്കിനാ TV, തുടങ്ങിയ ചാനലുകൾ ആശാനിലയം സ്കൂളിൽ എത്തുകയും പ്രോഗ്രാമുകൾ ചിത്രീകരിക്കുകയും ചെയ്തു.
- നളൻ ഷൈൻ ഷെഫ് ആന്റ് ടീം സ്കൂളിൽ എത്തുകയും നാടൻ രീതിയിൽ ഭക്ഷണം ഉണ്ടാക്കി കുട്ടികൾക്കും അധ്യാപകർക്കും വിളമ്പുകയും കുട്ടികൾക്കൊപ്പം ആടിയും പാടിയും സന്തോഷം പങ്കുവച്ചു.
- മരിയൻ കോളേജ് കുട്ടിക്കാനം, മേരി ക്വീൻസ് ഹോസ്പിറ്റൽ 26-ാം മൈൽ എന്നിവിടങ്ങളിലെ സ്റ്റുഡൻസ് സ്കൂൾ വിസിറ്റ് ചെയ്യുകയും സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.
- മാർച്ച് 19 ന് വി. യൗസേപ്പ് പിതാവിന്റെ മരണതിരുനാൾ ദിനം ഏയ്ഞ്ചൽസ് വില്ലേജിലെ സ്പിരിചൽ ഫാദർ ജോസഫ് കുന്നത്തുപുരയിടത്തിൽ അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു.

- ആശ്വാസ് വൊക്കേഷണൽ ട്രേയിനിംഗ് സെന്ററിൽ കോഴിക്കോട് നിന്നും എത്തിച്ചേർന്ന B.Ed വിദ്യാർത്ഥികൾക്കായി Individulised Vocational Transition Plan for person with Intellectual disability എന്ന വിഷയത്തിൽ 3 ദിവസത്തെ പരിശീലന പരിപാടി നടത്തി. 20 പേർ പങ്കെടുത്തു.

**സൗജന്യ നേത്ര പരിശോധന ക്യാമ്പ്**

സൗത്ത് ഇന്ത്യൻ ബാങ്ക് കാഞ്ഞിരപ്പള്ളി ശാഖയും Kotak Life ഉം വാസൻ ഐ കെയറും സംയുക്തമായി സംഘടിപ്പിച്ച നേത്ര പരിശോധന ക്യാമ്പ് 21-03-2024 രാവിലെ 10 മുതൽ 2 pm വരെ നല്ല സമറായൻ ആശ്രമത്തിൽ വച്ച് നടന്നു.

ഏയ്ഞ്ചൽസ് വില്ലേജ് ദിനാചരണവും, ആശാനിലയം സ്പെഷ്യൽ സ്കൂളിന്റെ 45-ാമത് വാർഷികാഘോഷവും മാർച്ച് 25-ാം തീയതി നടന്നു. KCBC ഡെപ്യൂട്ടി സെക്രട്ടറി ജേക്കബ് G. പാലയ്ക്കാപ്പള്ളി അച്ചൻ മുഖ്യ അതിഥി ആയിരുന്നു.

**കാവൽ പ്ലസ്**

കാവൽ പ്ലസിൽ നിലവിൽ 20 കുട്ടികൾ ഉണ്ട്. കുട്ടികൾക്ക് വേണ്ട മാനസിക, സാമൂഹിക പിന്തുണ നൽകി വരുന്നു. കൃത്യമായ ഭവനസന്ദർശനം, കൗൺസിലിംഗ്, അടിയന്തര ഇടപെടലുകൾ എന്നിവ വഴി ഇത് സാധ്യമാക്കുന്നു. കുട്ടികൾക്ക് സാമ്പത്തിക പ്രശ്നങ്ങളാൽ സ്ഥാപനങ്ങളിൽ നിൽക്കേണ്ടി വരുന്നതിനുള്ള ICPS ന്റെ സ്പോൺസർഷിപ്പ് പ്രോഗ്രാമിലേക്ക് 6 കുട്ടികളെ ഉൾപ്പെടുത്തി. കൂടാതെ 8 കുട്ടികൾക്ക് വനിതാ സെല്ലിൽ നിന്നുള്ള വിക്ടിം സപ്പോർട്ട് തുക നൽകുന്നതിന് അപേക്ഷ സമർപ്പിച്ച് അത് ലഭ്യമാക്കി നൽകി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 3,35,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 4,33,650/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 5,36,000/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# ഇൻഫാം

- 2024 മാർച്ച് 11 നു ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല നിർവാഹക സമിതി സമ്മേളനവും താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനവും സംയുക്തമായി പാറത്തോട് കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.
- ഇൻഫാം മാർക്കറ്റിംഗ് സെല്ലിന്റെ മീറ്റിംഗ് 18/03/2024 തിങ്കളാഴ്ച രാവിലെ 10.30 ന്, പാറത്തോട് ഇൻഫാം ഓഫീസിൽ വച്ച് നടന്നു. ഈ മീറ്റിംഗിൽ പൊൻകുന്നം, കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, എരുമേലി, മുണ്ടക്കയം, പെരുവന്താനം എന്നീ താലൂക്കുകളിലെ ഇൻഫാം താലൂക്ക് ഡയറക്ടർ, താലൂക്ക് പ്രസിഡണ്ട്, താലൂക്ക് നോമിനി, താലൂക്ക് മാർക്കറ്റിംഗ് സെൽ പ്രതിനിധി, താലൂക്ക് ഫിസ്ബ് പ്രതിനിധി എന്നിവർ പങ്കെടുത്തു.
- 2024 ജനുവരി ഒമ്പതാം തീയതി മുതൽ മാർച്ച് പതിനെട്ടാം തീയതി വരെ നടത്തിയ കുംഭകപ്പ ശേഖരണത്തിൽ ഇൻഫാം കർഷകരിൽ നിന്ന് 3,28,756 കിലോ കപ്പ ശേഖരിച്ചു 25 രൂപ നിരക്കിൽ 82,18,900 കർഷകർക്ക് ലഭിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

**കയറ്റുമതി**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞ മാസം നടന്ന കയറ്റുമതികൾ: ഫ്രാൻസ് : 1, യു എസ് എ : 2

ഫെബ്രുവരി 13 മുതൽ 16 വരെ ജർമ്മനിയിൽ വച്ച് നടന്ന ബയോഫാക്ക് എക്സിബിഷനിൽ പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് ഡോ. ജെ. തോമസ്, ശ്രീ. ജോമോൻ ജോസഫ്, ശ്രീ. റോയ് ജോസഫ്, എന്നിവർ പങ്കെടുത്തു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും ജൈവഉൽപ്പന്നങ്ങൾ പ്രസ്തുത ട്രേഡ് ഫെയറിൽ പ്രദർശനത്തിന് ഉണ്ടായിരുന്നു. നമ്മുടെ ബിസിനസ് വിപുലീകരണത്തിന് പ്രസ്തുത എക്സിബിഷൻ വളരെയേറെ സഹായിച്ചു.

എസ്.ഒ.എസ്.എഫ്.സി യുടെ ഓഡിറ്റ് 12, 13, 14 തീയതികളിൽ പൂർത്തിയാക്കി. പ്രസ്തുത ഓഡിറ്റിന് ശ്രീ. ജേക്കബ് ജോസ് നേതൃത്വം നൽകി.

എൻ.പി.ഓ.പി., എൻ.ഓ.പി എന്നിവയുടെ ഓഡിറ്റ് 02/03/2024 മുതൽ 14/03/2024 വരെ കണ്ട്രോൾ യൂണിയൻ സർട്ടിഫിക്കേഷൻ പൂർത്തിയാക്കി.

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു.

പേഷ്യൻസിനെ അക്കോമഡേറ്റ് ചെയ്യുന്ന അനക്സ് ബിൽഡിങ്ങിന്റെ ഇലക്ട്രോണിക്, ഫർണിച്ചർ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ചു.

സഹ്യാദ്രിയിൽ അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ട്രീറ്റ്മെന്റിനായി എത്തിയ 6 വിദേശികൾ തങ്ങളുടെ ട്രീറ്റ്മെന്റ് കോഴ്സ് കംപ്ലീറ്റ് ചെയ്ത് തിരിച്ചു മടങ്ങി.

ബാംഗ്ലൂരിൽ നിന്നും ശ്രീ. സന്ദീപ് അഗർവാൾ സഹ്യാദ്രി ആയുർവേദഹോസ്പിറ്റലും ആയുർവേദഫാക്ടറിയും സന്ദർശിക്കുകയും ബി 2 ബി കൊളാബ്രേഷൻ നടത്തുകയും ചെയ്തു.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്**

സാമ്പിളുകൾ പരിശോധിച്ചത്

സോയിൽ: 13, ആയുർവേദ സാമ്പിൾ: 43, വാട്ടർ: 19, കമ്പോസ്റ്റ്: 1, ട്രൈക്കോഡർമ : 1 L

**ഇക്കോ ഫാം**

- 300 കുരുമുളക് തൈകൾ ഉത്പാദിപ്പിച്ചു
- 100 കുരുമുളക് തൈകൾ വിൽപ്പന നടത്തി.
- 2200 കുരുമുളക് തൈകൾ സ്റ്റോക്കുണ്ട്

**ഗാർഡൻ**

- പുതുതായി 300 തൈകൾ ഉത്പാദിപ്പിച്ചു.
- 850 തൈകൾ വിൽപ്പന നടത്തി

**കമ്പോസ്റ്റ്**

- 300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു
- 50 കിലോഗ്രാം വിൽപ്പന നടത്തി
- 1000 കിലോഗ്രാം നിലവിൽ സ്റ്റോക്ക് ഉണ്ട്

**ബയോ ഒറിജിൻ തട്ടാത്തിക്കാനം**

- 352 ഇനം ഉൽപ്പന്നങ്ങൾ വില്പന നടത്തി

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ പതിവുപോലെ കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി, എരുമേലി, റീജിയണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി.

വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത് പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, അസി. ഡയറക്ടർ ഫാ. റോയി നെടുംതകടിയേൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. റീജണൽ കോഡിനേറ്റർസ് മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

**വനിതാദിന ആചരണവും അവാർഡ് ദാനവും**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ വനിതാ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര വനിതാ ദിനം സമുചിതമായി ആചരിച്ചു.

ഐക്യരാഷ്ട്ര സംഘടനയുടെ ഈ വർഷത്തെ വനിതാദിന പ്രമേയമായ' വർദ്ധിച്ച വനിതാ പങ്കാളിത്തം നാടിന്റെ പുരോഗതിക്ക്' എന്ന വിഷയത്തെ മുൻനിർത്തി 2024 മാർച്ച് ഏഴാം തീയതി വ്യാഴാഴ്ച രാവിലെ 10:30 ന് കട്ടപ്പന സെന്റ് ജോർജ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്വയം സഹായ സംഘങ്ങളിലെ രണ്ടായിരത്തിൽ പരം സ്ത്രീ -പുരുഷ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പ്രസ്തുത സമ്മേളനം പി.ഡി.എസ് കട്ടപ്പന യൂണിറ്റ് ഡയറക്ടറും, കട്ടപ്പന സെന്റ് ജോർജ് ഫൊറോന ചർച്ച് വികാരിയുമായ പെരിയ ബഹുമാനപ്പെട്ട ഫാ. ജോസ് പറപ്പള്ളി അച്ചന്റെ അധ്യക്ഷതയിൽ പ്രമുഖ മാധ്യമപ്രവർത്തക ശ്രീമതി നിഷ സോമൻ തെറ്റയിൽ ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി.

പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരിടം, കൂവപ്പള്ളി യൂണിറ്റ് ആനിമേറ്റർ ശ്രീമതി സീമ തോമസ്, ചെല്ലാർകോവിൽ യൂണിറ്റ് സെക്രട്ടറി ശ്രീമതി എൽസമ്മ ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ഉപ്പുതറ റീജിയണൽ കോഡിനേറ്റർ ശ്രീമതി മിനി ടോമി സ്വാഗതവും, എൻ.ഐ.എഫ് പ്രോജക്ട് കോഡിനേറ്റർ ശ്രീ. സ്റ്റെബിൻ കെ. സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

മികച്ച വനിതാ സംരംഭകയായി 55-ാം മൈൽ യൂണിറ്റിൽ നിന്നും ശ്രീമതി ശിവകാമിയെയും, മികച്ച കർഷകനായി മുക്കുളം യൂണിറ്റിൽ നിന്ന് ശ്രീ. പി. ജെ വർഗീസ് പുള്ളുരുത്തിലിനെയും, വനിതാ താരമായി കട്ടപ്പന യൂണിറ്റിലെ ശ്രീമതി മേരി ആന്റണി

ചെരിപുറത്തിനെയും, മികച്ച തീം സോങ് രചയിതാവായി മുക്കുളം പാവന സ്വയം സഹായ സംഘത്തിലെ അംഗമായ ശ്രീമതി പ്രീതി ജോസഫ് പാലത്തിങ്കലി നെയും തിരഞ്ഞെടുക്കുകയും അവർക്ക് അവാർഡ് നൽകി ആദരിക്കുകയും ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി സംഘാംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. സംഘാംഗങ്ങൾ ചെയ്യുന്ന വിവിധ സംരംഭങ്ങളുടെ പ്രദർശനവും ഉൽപ്പന്നങ്ങളുടെ വിപണവും നടത്തി.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

നബാർഡിന്റെ സഹകരണത്തോടെ കേരളത്തിലെ 12 ജില്ലകളിലെ 25 ബ്ലോക്കുകളിലായി രൂപീകരിച്ച 25 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ബിസിനസ് സംരംഭങ്ങളിലേക്ക് കടന്നു.

എൻ.സി.ഡി.സി.യുടെ സഹായസഹകരണത്തോടെ കോഴിക്കോട് ഇടുക്കി ജില്ലകളിലായി രൂപീകരിച്ച 7 കർഷക സൊസൈറ്റികളിൽ 3 കർഷക സൊസൈറ്റികളുടെ രജിസ്ട്രേഷൻ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

**വനജ്യോതിസ്**

പദ്ധതിപ്രദേശം, കോഴിമല, കണ്ണംപടി, കൊമ്പുകുത്തി, ആദിവാസി കോളനികൾ.

ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

| | | |
|---|---|---|
| മഴവെള്ള സംഭരണി | : | 3 |
| ആട് വളർത്തൽ | : | 6 യൂണിറ്റ് |
| പശുത്തൊഴുത്ത് | : | 1 |
| ചെറുതേനീച്ച വളർത്തൽ | : | 176 |
| കല്ല് കയ്യാല | : | 51 $m^2$ |
| കിണർ റീചാർജിങ് | : | 1 |

**സന്ദർശനം നടത്തി**

സെന്റ് ആന്റണീസ് കോളേജ് പെരുവന്താനം, ഗുരു കോളേജ് ഓാഫ് നഴ്സിംഗ് തിരുവല്ല എന്നീ കോളേജുകളിൽ നിന്നുള്ള വിദ്യാർഥികൾ പി.ഡി.എസിന്റെ വിവിധ യൂണിറ്റുകൾ സന്ദർശിച്ചു.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി 2 വിദ്യാർത്ഥികൾ പി.ഡി.എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ

വിദ്യാഭ്യാസ സഹായം: 186450/-, ഭവന നിർമ്മാണം: 180000/-, വരുമാനദായക പ്രവർത്തനങ്ങൾ : 168000/-, ചികിത്സാ സഹായം: 65000/-, ജലസംരക്ഷണ പ്രവർത്തനങ്ങൾ: 20000/-

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 24 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ


കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 28 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സ സഹായമായി 4 യൂണിറ്റിൽ 5 പേർക്ക് 35380/- രൂപ വിതരണം ചെയ്തു.

| | | |
|---|---|---|
| രാജഗിരി | : | 9750/- |
| കൊരട്ടി | : | 9200/- |
| നരിയംപാറ | : | 4680/- |
| കരുണാപുരം | : | 11750/- |

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**മാർച്ച് 2024**

01–16 യൂറോപ്യൻ സന്ദർശനം

17 കുന്നുംഭാഗം എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– പൊടിമറ്റം മൈനർ സെമിനാരിയിൽ മേജർ സെമിനാരി വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

18 ചങ്ങനാശ്ശേരി കത്തീഡ്രലിൽ മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയിലും ഒപ്പീസ് പ്രാർത്ഥനയിലും പങ്കുചേർന്നു.

– പൊടിമറ്റത്ത് പിതൃവേദിയുടെ പാത്രിസ് കോർദേ എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു.

19 പൊടിമറ്റം മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

20 പാസ്റ്ററൽ സെന്ററിൽ വി. കുർബാന അർപ്പിച്ചു. പുതിയ റീജന്റ്സിനെ സ്വാഗതം ചെയ്തു.

– പാസ്റ്ററൽ സെന്ററിൽ നിലയ്ക്കൽ കമ്മറ്റി സമ്മേളനത്തിൽ പങ്കെടുത്തു.

– എരുമേലി ഇടവകയിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജ്യേഷ്ഠൻ പരേതനായ ശ്രീ. മത്തായി വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങളിൽ സംബന്ധിക്കുകയും തുടർന്നുള്ള കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

– സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

21 അമൽജ്യോതി കോളേജിൽ റേഡിയോ 90 നാടിനു സമർപ്പിച്ച ചടങ്ങിൽ സംബന്ധിച്ചു.

– മരിയൻ കോളേജിൽ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

22 ചെറുവള്ളിയിൽ പുനർനിർമ്മിച്ച നിർമ്മൽ മാതാ കോൺവെന്റ് ചാപ്പൽ കൂദാശ ചെയ്തു. മഠം ആശീർവദിച്ചു.

23 പൊടിമറ്റം മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനൂസാ, ഹെവ്പ്പദ്യാക്ക്നൂസാ, കാറോയൂസാ എന്നീ പട്ടങ്ങൾ നൽകി.

– വള്ളക്കടവ് ഇടവകയിൽ പരേതയായ നിരപ്പേൽ മഞ്ജുവിന്റെ ഭവനത്തിലെത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

– കത്തീഡ്രലിൽ ഓശാനതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

25 പാസ്റ്ററൽ സെന്ററിൽ രൂപതാ ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

26 കപ്പാട് ബെനഡിക്ടൈൻ ആശ്രമത്തിലെ സന്യാസാർത്ഥികൾക്ക് മ്ശംശാനൂസാ പട്ടം നൽകി.

– രാമപുരം ഇടവക പരേതയായ ഏലിക്കുട്ടി കൂട്ടിയാനിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 മുണ്ടക്കയം ഇടവകയിൽ പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

29 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ സ്ലീവാപാതയിൽ സംബന്ധിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

– കട്ടപ്പന ഇടവകയിൽ പീഡാനുഭവവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

30 കുഴിത്തൊളു ഇടവകയിൽ വലിയശനിയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

31 കത്തീഡ്രലിൽ ഉയിർപ്പുതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

**മാർ മാത്യു അറയ്ക്കൽ**
**മാർച്ച് 2024**

04 അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട Priests' Retreat -ൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

16 തിടനാട് ഇടവക ദൈവാലയത്തിൽ നടത്തപ്പെട്ട വി. യൗസേപ്പ് നാമധാരികളുടെ സംഗമത്തിൽ സംബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

18 അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിലെ വി. കുർബാനയിലും തിരുക്കർമ്മങ്ങളിലും പങ്കെടുത്തു.

19 അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുകത്തിരുനാളിലെ സ്നേഹവിരുന്നിൽ പങ്കെടുത്തു. ആശംസകളറിയിച്ചു.

20 എരുമേലി ഇടവകയിൽ പരേതനായ അറയ്ക്കൽ മത്തായി വർക്കിയുടെ (അഭിവന്ദ്യ അറയ്ക്കൽപിതാവിന്റെ ജേഷ്ഠസഹോദരൻ) മൃതസംസ്ക്കാരകർമ്മങ്ങളിൽ സംബന്ധിച്ചു.

21 Amal Jyothi College Community Radio 90 FM നാടിനു സമർപ്പിക്കുന്ന യോഗത്തിൽ സംബന്ധിച്ചു സന്ദേശമേകി.

24 ഓശാന ഞായർ അണക്കര സെന്റ് തോമസ് ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

25 ചെങ്കല്ല് ഏയ്ഞ്ചൽസ് വില്ലേജ് വാർഷികാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നല്കി.


28 പെസഹാത്തിരുന്നാൾ കർമ്മങ്ങൾക്ക് പുത്തൻകൊരട്ടി ദൈവാലയത്തിൽ കാർമ്മികത്വമേകി.

30 ദുഃഖശനി കർമ്മങ്ങൾക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ കാർമ്മികത്വം വഹിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## APRIL - 2024

| Date | Programme | Place | Time |
|---|---|---|---|
| 01 | Blessing, Shop | Parathod | 9.30 am |
| - | Baptism | Vandampathal | 3.00 pm |
| 02 | Priests' Day | Amal Jyothi | 10.30 am |
| 03 | Workshop, JPD Commission | POC | |
| 04 | Holy Qurbana, MCBS Novitiate House | Podimattom | 6.30 am |
| - | Church Consecration | Kanamala | 2.00 pm |
| 5-6 | Engaged | | |
| 07 | Jubilee | Inchiyani | 11.00 am |
| 08 | Jubilee, SABS | Kunnumbhagam | 10.30 am |
| 09 | Holy Qurbana and Inauguration, XIME | Ettumanoor | 11.00 am |
| - | Board Meeting | Amal Jyothi | 5.00 pm |
| 10 | Holy Qurbana, Vocation Camp | Minor Seminary | 6.30 am |
| 11-12 | Executive Meeting, PMI | Bangalore | |
| 13 | Ordination | Koruthod | 2.15 pm |

| | | | |
|---|---|---|---|
| 15 | Jubilee, SH | Podimattom | 10.00 am |
| 16 | Inauguration, Charismatic leaders' formation program | Kattappana | 11.00 am |
| - | Work Camp | Cumbummettu | 4.00 pm |
| 20 | Pastoral Council | Pastoral Centre | 10.00 am |
| - | Pastoral Visit | Purakayam | |
| 21 | Pastoral Visit | Cheruvallikulam | |
| 22-24 | Idayakoodaram | Vazhoor | |
| 25 | Marriage | Anchilippa | 11.30 am |
| 27 | Vestition, CMC | Kanjirapally | 10.30 am |
| - | Conference | Minor Seminary | 3.00 pm |
| 28 | Pastoral Visit | Mulamkunnu | |




amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

Opp. Federal Bank, Thampalakadu Road,
Kanjirapally 686 507,Kottayam Dt. Kerala
Phone : 04828 20 46 54 amalapressd@gmail.com

## 2024 ഏപ്രിൽ – ഉയിർപ്പുകാലം

| | | |
|---|---|---|
| 1 | തിങ്കൾ | 1 കോറി 15:23–28; യോഹ 20:11–23. |
| 2 | ചൊവ്വ | കൊളോ 1:15–22; യോഹ 14:25–31. |
| 3 | ബുധൻ | ശ്ലീഹ 9:1–15; ലൂക്കാ 24:13–35. |
| 4 | വ്യാഴം | വെളി 1:10–18; ലൂക്കാ 24:36–43. |
| 5 | വെള്ളി | ഹെബ്രാ 11:1–6, 32–39; ലൂക്കാ 12:1–9. |
| 6 | ശനി | 2 കോറി 3:4–11; ലൂക്കാ 24:44–48. |
| 7 | ഞായർ | ✠ ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)<br>ലേവ്യ 26:1–13; ഏശ 44:1–8;<br>1 യോഹ 1:1–4; യോഹ 20:24–31. |
| 8 | തിങ്കൾ | ഹെബ്രാ 10:19–25; മത്താ 8:1–4. |
| 9 | ചൊവ്വ | റോമാ 3:27–31; മത്താ 8:5–13. |
| 10 | ബുധൻ | റോമാ 4:13–25; മത്താ 9:18–26. |
| 11 | വ്യാഴം | റോമാ 5:1–5; മത്താ 15:21–28. |
| 12 | വെള്ളി | യാക്കോ 5:13–20; ലൂക്കാ 5:17–26. |
| 13 | ശനി | ഗലാ 2:15–21; യോഹ 9:35–41. |
| 14 | ഞായർ | ✠ ഉയിർപ്പ് മൂന്നാം ഞായർ<br>പുറ 3:1–12; എസ 34:20–26;<br>എഫേ 4:7–16; യോഹ 21:15–19. |
| 15 | തിങ്കൾ | 1 യോഹ 2:1–6; യോഹ 17:20–26. |
| 16 | ചൊവ്വ | 1 തിമോ 1:18–19, 2:1–7; ലൂക്കാ 22:24–32. |
| 17 | ബുധൻ | കൊളോ 3:12–17; ലൂക്കാ 1:46–56. |
| 18 | വ്യാഴം | എഫേ 6:1–9; മത്താ 20:17–28. |
| 19 | വെള്ളി | 2 തിമോ 2:22–26; മത്താ 24:45–51. |
| 20 | ശനി | വെളി 3:15–22; യോഹ 10:14–16, 22–30. |
| 21 | ഞായർ | ✠ ഉയിർപ്പ് നാലാം ഞായർ<br>ജോഷ്വാ 1:1–9; 2 ദിന 15:1–7;<br>2 കോറി 13:5–10; മത്താ 28:16–20. |
| 22 | തിങ്കൾ | വെളി 21:1–7; യോഹ 14:15–24. |
| 23 | ചൊവ്വ | 1 കോറി 3:18–23; മർക്കോ 3:13–19. |
| 24 | ബുധൻ | 2 കോറി 12:1–10(12:1–14);<br>മത്താ 10:37–42(10:37–42+16:24–27+19:29–30). |
| 25 | വ്യാഴം | കൊളോ 1:24–29; യോഹ 6:52–59. |
| 26 | വെള്ളി | 2 കോറി 5:14–20; യോഹ 3:1–12. |
| 27 | ശനി | റോമാ 11:25–32; മത്താ 18:10–14. |
| 28 | ഞായർ | ✠ ഉയിർപ്പ് അഞ്ചാം ഞായർ (മാർ അദ്ദായി)<br>പുറ 4:27–31; തോബി 5:1–10, 16–21;<br>ശ്ലീഹ 12:24–13:3; ലൂക്കാ 10:1–12. |
| 29 | തിങ്കൾ | 2 കോറി 12:5–10; ലൂക്കാ 9:1–6. |
| 30 | ചൊവ്വ | ഫിലി 2:19–30; ലൂക്കാ 8:1–8. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654